# ചിറയിൻകീഴ്

## ഗ്രാമപഞ്ചായത്ത്



## വികസനറിപ്പോർട്ട്

അധികാരം ജനങ്ങളിലേക്ക്

# ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസന രേഖ - 1996

# KERALA STATE



# AYINKEEZHU GRAMA PANCHAYAT
# IVANDRUM DISTRICT



# CHIRAYINKEEZHU GRAMA PANCHAYAT



# ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് ഭരണസമിതി



ജി. ചന്ദ്രശേഖരൻനായർ (പ്രസിഡന്റ്)



എം. അബ്ദുൾ വാഹീദ്
(വൈ. പ്രസിഡന്റ്)



ഡി. ദിവാകരൻ
സ്റ്റാൻ: കമ്മിറ്റി ചെയർമാൻ



രാജൻനായർ
സെക്രട്ടറി



പി. മണികണ്ഠൻ



ഹരിദാസൻ



പി. മുരളി



സി. ലീല



സാവിത്രി അമ്മ



ഷൈലജ



ആബിദ



കേളേശ്വരം രാമചന്ദ്രൻ



ശോഭന

# പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | (1) ചിറയിൻകീഴ്<br>(2) ശാർക്കര |
| ബ്ളോക്ക് പഞ്ചായത്ത് | : | ചിറയിൻകീഴ് |
| ബ്ളോക്ക് പഞ്ചായത്ത് ഡിവിഷൻ | : | (1) ചിറയിൻകീഴ്<br>(2) മേൽകടയ്ക്കാവൂർ |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | (1) ചിറയിൻകീഴ്<br>(2) മണമ്പൂര് |
| താലൂക്ക് | : | ചിറയിൻകീഴ് |
| അസംബ്ലി മണ്ഡലം | : | ആറ്റിങ്ങൽ |
| ജില്ല | : | തിരുവനന്തപുരം |
| വിസ്തീർണ്ണം | : | 10.87 ച: കി: മീ: |

അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | കടയ്ക്കാവൂർ, അഞ്ചുതെങ്ങ് പഞ്ചായത്തുകൾ |
| തെക്ക് | : | അഴൂർ, കഠിനംകുളം പഞ്ചായത്തുകൾ |
| കിഴക്ക് | : | കിഴുവിലം പഞ്ചായത്ത് |
| പടിഞ്ഞാറ് | : | അറബിക്കടൽ |

| | | |
|---|---|---|
| ജനസംഖ്യ | : | 29627 (1991-ലെ സെൻസസ്) |
| വാർഡുകൾ | : | 12 |
| പ്രസിഡന്റ് | : | G. ചന്ദ്രശേഖരൻനായർ |
| വൈസ് പ്രസിഡന്റ് | : | M. അബ്ദുൽ വാഹീദ് |
| പഞ്ചായത്ത് രൂപീകരണം | : | 1953 |
| ആദ്യ പഞ്ചായത്ത് പ്രസിഡന്റ് | : | M.P. കൃഷ്ണപിള്ള |

പ്രിയമുള്ളവരെ,

സംസ്ഥാനഗവൺമെന്റും, സംസ്ഥാന ആസൂത്രണബോർഡും വമ്പിച്ച ജനപങ്കാളിത്തത്തോടെ ഒൻപതാം പഞ്ചവത്സരപദ്ധതി രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിൽ ആരംഭിച്ച ജനകീയാസൂത്രണ പ്രസ്ഥാനം ആസൂത്രണപ്രക്രിയയുടെ ചരിത്രത്തിൽ ഒരു ഇതിഹാസമായി മാറിയിരിക്കുകയാണ്. വമ്പിച്ച ജനപങ്കാളിത്തവും, കൂട്ടായ്മയും, നാട്ടറിവും കാര്യമാത്രപ്രസക്തമായ ചർച്ചയും സമഞ്ജസമായി സമ്മേളിച്ച ഗ്രാമസഭകൾ പിന്നിട്ട് ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് വികസന സെമിനാറിന്റെ തിരു മുറ്റത്തെത്തി നിൽക്കുകയാണ്.

വികസനരംഗത്ത് നാളിതുവരെ അന്യവൽക്കരിക്കപ്പെട്ടവരും ഇന്ന് ചരിത്രനിയോഗത്താൽ അതിന്റെ അമരക്കാരായി അവരോധിക്കപ്പെട്ട ഞങ്ങളുടെ മനസ്സാക്ഷിയും, വഴികാട്ടിയുമായ പ്രിയമുള്ള നാട്ടുകാരോടും, കക്ഷിരാഷ്ട്രീയത്തിനും, സങ്കുചിത ചിന്താഗതികൾക്കും അതീതമായി ഇക്കാര്യത്തിൽ ഞങ്ങളോട് സർവ്വാത്മനാ സഹകരിച്ച എല്ലാ രാഷ്ട്രീയകക്ഷികളോടും, വർഗ്ഗ ബഹുജന സംഘടനകളോടും അതിലെ ഓരോ പ്രവർത്തകരോടും ഞങ്ങൾക്കുള്ള നന്ദി വാക്കുകൾക്കതീതമാണ്. നാടിന്റെ നന്മയ്ക്കുവേണ്ടി മറ്റൊന്നും ലക്ഷ്യമാക്കാതെ മുന്നിട്ടിറങ്ങി ശ്രമകരമായ ജോലി ഏറ്റെടുത്ത് വിശ്രമരഹിതമായി പണിയെടുത്ത് ഞങ്ങളെ സഹായിച്ച ജനകീയാസൂത്രണത്തിന്റെ എല്ലാ പ്രവർത്തകർക്കും, ഇതപര്യന്തമുള്ളഇതിന്റെ പ്രവർത്തനങ്ങൾക്ക് സഹായസഹകരണങ്ങൾ നൽകിയ റിട്ടയർചെയ്ത ഉദ്യോഗസ്ഥന്മാർക്കും, വിവിധ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥന്മാർക്കും അനുദ്യോഗസ്ഥന്മാർക്കും ഞങ്ങൾ നന്ദിരേഖപ്പെടുത്തുന്നു.

ജനകീയാസൂത്രണപരിപാടിയുടെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ഇതുവരെ മേല്പറഞ്ഞവരിൽനിന്നു ലഭിച്ച വിലപ്പെട്ട സഹായം തുടർന്നും ഉണ്ടാകുമെന്നുള്ള ഉത്തമവിശ്വാസത്തോടെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് സമിതിക്കുവേണ്ടി ഒരിക്കൽക്കൂടി നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ വികസനറിപ്പോർട്ട് ആരോഗ്യകരവും, ആഴത്തിലുള്ളതുമായ ചർച്ചയിലൂടെ സംപുഷ്ടപ്പെടുത്തി ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനത്തിന് ജന്മംനൽകുവാൻ പഞ്ചായത്ത് സമിതിക്കുവേണ്ടി ബഹുമാന്യ പ്രതിനിധികളോട് ഞാൻ സവിനയം അഭ്യർത്ഥിക്കുന്നു.

എന്ന്
സ്നേഹപൂർവ്വം

ജി. ചന്ദ്രശേഖരൻനായർ
പ്രസിഡന്റ്
ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്

# റിപ്പോർട്ട് തയ്യാറാക്കുന്നതിലെ പങ്കാളികൾ

## മാർഗ്ഗനിർദ്ദേശകർ

1. L.P. [illegible]ത്തർ (സംസ്ഥാന റിസോഴ്സ് പേഴ്സൺ)
2. V.S. കണ്ണൻ ( " " " )

1. S. സുനിൽ
2. P. വേണുഗോപാലപിള്ള
3. U. സലിംഷ
4. V.S. ബൈജുപ്രസീദ്
5. R. ശശി
6. K.J. സുധീഷ്
7. M.O. ഷിബു
8. K. ജയദേവൻ
9. S. വിജയകുമാർ
10. N. വിത്സൻ
11. K. ശിശുപാലൻ
12. K. ശ്യാമളദാസ്
13. ശിവദാസൻ
14. G. വ്യാസൻ
15. G. സുധാകരൻ
16. B.S. സച്ചി

കവർ ഡിസൈനിംഗ്: കെ. ശിശുപാലൻ, ചിറയിൻകീഴ്
ഫോട്ടോസ്: ഗോൾഡൻ ലെൻസ്, ചിറയിൻകീഴ്
പൗർണ്ണമി സ്റ്റുഡിയോ
Printed at P. Krishna Pillai Memorial Printing and Publishing Co. Pvt. Ltd. Trivandrum-1
Typeset and layout: Thushara Computers, Trivandrum-23, Phone: 474143

## ഉള്ളടക്കം

1. ആമുഖം .......... 13
2. ചരിത്രം .......... 15
3. ഭൂപ്രകൃതി .......... 19
4. കൃഷി, ജലസേചനം .......... 24
5. മൃഗസംരക്ഷണം, മത്സ്യബന്ധനം .......... 31
6. വ്യവസായം .......... 37
7. കുടിവെള്ളം .......... 43
8. വിദ്യാഭ്യാസം .......... 51
9. ഗതാഗതം, ഊർജ്ജം .......... 61
10. പാർപ്പിടം, സാമൂഹ്യക്ഷേമം .......... 68
11. സംസ്കാരം .......... 73
12. വനിതാക്ഷേമം. .......... 80
13. സഹകരണമേഖല .......... 83
14. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം .......... 87
15. വിഭവസമാഹരണം .......... 90
16. സെൻസസ് അബ്സ്ട്രാക്റ്റ് .......... 95

## പഞ്ചായത്തിലെ പ്രധാന സ്ഥാപനങ്ങൾ

**കേന്ദ്ര സർക്കാർ ഉടമയിലുള്ളവ**

1. റെയിൽവേ സ്റ്റേഷൻ, ചിറയിൻകീഴ്
2. ഹെഡ് പോസ്റ്റ് ഓഫീസ്, ചിറയിൻകീഴ്
3. ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, പണ്ടകശാല
4. ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, കടകം
5. ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, ആനത്തലവട്ടം
6. പോസ്റ്റ് ഓഫീസ്, പെരുമാതുറ
7. ടെലിഫോൺ എക്സ്ചേഞ്ച്, ചിറയിൻകീഴ്

**സംസ്ഥാന സർക്കാർ ഉടമയിലുള്ളവ**

1. പഞ്ചായത്ത് ഓഫീസ്, ചിറയിൻകീഴ്
2. വില്ലേജ് ഓഫീസ്, ശാർക്കര, ചിറയിൻകീഴ്
3. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ചിറയിൻകീഴ്
4. സബ്‌രജിസ്ട്രാർ ഓഫീസ്, ചിറയിൻകീഴ്
5. ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസ്, ചിറയിൻകീഴ്
6. കയർ പ്രോജക്ട് ഓഫീസ്, ചിറയിൻകീഴ്
7. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസ്, ചിറയിൻകീഴ്
8. കൃഷിഭവൻ, ചിറയിൻകീഴ്
9. പൊലീസ് സ്റ്റേഷൻ, ചിറയിൻകീഴ്
10. ഡയറി വികസന ഓഫീസ്, ചിറയിൻകീഴ്
11. മൃഗാശുപത്രി, ചിറയിൻകീഴ്
12. പബ്ളിക് ഹെൽത്ത് സെന്റർ, പെരുമാതുറ
13. ആയുർവേദ ഡിസ്പെൻസറി, കടകം
14. ഹോമിയോ ഡിസ്പെൻസറി, ആനത്തലവട്ടം
15. എക്സൈസ് ഓഫീസ്, ചിറയിൻകീഴ്
16. താലൂക്ക് വ്യവസായകേന്ദ്രം ഓഫീസ്, ചിറയിൻകീഴ്
17. ലേബർ ഓഫീസ്, ചിറയിൻകീഴ്
18. കയർ തൊഴിലാളി ക്ഷേമനിധി ഓഫീസ്, ചിറയിൻകീഴ്
19. മൃഗാശുപത്രി, മേൽകടയ്ക്കാവൂർ
20. യു.പി. എസ്. ശാർക്കര
21. യു.പി. എസ്. പിള്ളയാർകുളം
22. യു.പി. എസ്. പാലവിള
23. യു.പി. എസ്. ആനത്തലവട്ടം
24. എൽ.പി. എസ്. പടനിലം.
25. എൽ.പി. എസ്. മേൽകടയ്ക്കാവൂർ
26. എൽ.പി. എസ്. ആര്യവിലാസം
27. എൽ.പി. എസ്. പെരുമാതുറ

**വാണിജ്യസ്ഥാപനങ്ങൾ**

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ
2. ഇന്ത്യൻ ഓവർസീസ് ബാങ്ക്
3. ഫെഡറൽ ബാങ്ക്, ചിറയിൻകീഴ്
4. ഫെഡറൽ ബാങ്ക്, പെരുമാതുറ
5. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ശാഖ, ചിറയിൻകീഴ്
6. ചിറയിൻകീഴ് സർവ്വീസ് സഹകരണ ബാങ്ക്
7. ഫിനാൻഷ്യൽ എന്റർപ്രൈസസ്

## പഞ്ചായത്ത് ജീവനക്കാർ

1, ഡി. രാജൻനായർ
2, ഡി. പ്രസേനൻ
3. കെ. വസന്തരാജൻ
4. വി. ശശിധരൻ
5. പി. ഗോപകുമാർ
6. ടി.പി. ഗോപാലകൃഷ്ണൻനായർ
7. കെ. പ്രസന്ന
8. ജി. പ്രസന്നകുമാരി അമ്മ
9. എ. ഹാഷിം
10. എ. നസീമ
11. എ. മോഹനൻപിള്ള
12. പി. അലോഷ്യസ്
13. എം. ചെല്ലക്കുട്ടൻ
14, ആർ. ശിവാനി
15. എൻ. സരോജിനി
16. പി. ലളിത
17. എസ്. മേരി
18. പി. ദേവകി അമ്മ
19. ജെ. കൊച്ചുതമ്പി
20. ഡി. സുധർമ്മ

# ആമുഖം



മലയാളനാടിന്റെ മണിമടിശ്ശീലയിലെ പൊന്ന് കൈക്കലാക്കാൻ കടൽകടന്നെത്തിയ വിദേശശക്തികളുടെ സാമ്രാജ്യത്വമോഹം, അതിനെതിരെ ധീരോദാത്തമായ ചെറുത്തുനിൽപ്പുനടത്തിയ ധീരദേശാഭിമാനികളായ പഴശ്ശിരാജാ, വേലുത്തമ്പിദളവ തുടങ്ങി സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിൽ പങ്കെടുത്ത പ്രസ്ഥാനങ്ങളും പ്രവർത്തകരും ചരിത്രത്തിന്റെ ഏടുകളിൽ തങ്കലിപികളിൽ ആലേഖനംചെയ്യപ്പെട്ടിട്ടുണ്ട്.

ബ്രിട്ടീഷ് കോളനിവാഴ്ച അവസാനിപ്പിച്ചുകൊണ്ട് 1947 ആഗസ്റ്റ് 15-ന് ഇന്ത്യ സ്വാതന്ത്ര്യംനേടി. എന്നാൽ ബ്രിട്ടീഷ്സാമ്രാജ്യത്വം താറുമാറാക്കപ്പെട്ട സമ്പദ്ഘടനയ്ക്ക് പുതുജീവൻനൽകുന്നതിൽ ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ, സോവിയറ്റ്മാതൃകയിലുള്ള പഞ്ചവത്സരപദ്ധതികൾക്ക് രൂപംനൽകി. 1951-ൽ ആരംഭിച്ച ഒന്നാം പഞ്ചവത്സരപദ്ധതിമുതൽ രാജ്യത്തിന് എണ്ണമറ്റ നേട്ടങ്ങൾ കൈവരിക്കാൻകഴിഞ്ഞെങ്കിലും അവ കുറ്റമറ്റതാണെന്ന് പറയുകവയ്യ. പദ്ധതികളിൽ ലക്ഷ്യമാക്കപ്പെട്ടവർ അത്യവൽക്കരിക്കപ്പെട്ട പദ്ധതിവിഹിതങ്ങൾ എത്തേണ്ടിടത്ത് എത്തിയില്ല. ഇടനിലക്കാർക്ക് യഥേഷ്ടം വളരാനുള്ള അവസരം സൃഷ്ടിക്കപ്പെട്ടു. ആസൂത്രണത്തിന്റേയും നടത്തിപ്പിന്റേയും അടിസ്ഥാനശില അടിത്തട്ടിലുള്ളവർ ആയിരിക്കണമെന്ന അടിസ്ഥാനതത്ത്വം അംഗീകരിച്ചുകിട്ടുവാൻ അരനൂറ്റാണ്ടു വേണ്ടിവന്നു. ഭരണഘടനാഭേദഗതിപോലും അതിനനുവാര്യമായിരുന്നു.

ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്ഥമായതും, ശ്രദ്ധേയവുമായ സാമൂഹ്യപരിഷ്കരണങ്ങളും, ജീവിതനേട്ടങ്ങളും പിന്നിട്ടിട്ടുണ്ട്. എന്നാൽ ഇല്ലായ്മകളും പരാധീനതകളും ഏറെ അനുഭവിക്കുന്ന സംസ്ഥാനമാണ് കേരളം. കുറഞ്ഞ വിഭവസാദ്യതകളും വർദ്ധമാനമായ ജീവിതവികസനപ്രശ്നങ്ങളും കേരളത്തെ വിഷമവൃത്തത്തിലാക്കിയിരിക്കുകയാണ്. ഈ പ്രശ്നങ്ങളെ അതിജീവിക്കുവാൻ ജനശക്തിയുടെ ജാഗ്രതയായ പ്രവർത്തനം അത്യന്താപേക്ഷിതമാണ്. ഇതിന്റെഭാഗമായി നാടിന്റെ വികസനപദ്ധതികളിലും, സംരംഭങ്ങളിലും പുതിയൊരവബോധം വളർത്തിയെടുക്കാൻവേണ്ടിയാണ് ഒൻപതാംപദ്ധതി ജനകീയപദ്ധതിയായി ആവിഷ്കരിച്ചുനടപ്പിലാക്കാൻ സർക്കാരും, പ്ലാനിംഗ്ബോഡും തീരുമാനിച്ചത്. ഒൻപതാംപദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിന് ജനങ്ങൾക്ക് അധികാരംകൈമാറി എന്നതാണ് കേരളത്തിൽനടന്ന വിശേഷാൽ ഗ്രാമസഭകളിൽ തെളിഞ്ഞുകണ്ടത്.

ജനകീയ ആസൂത്രണപരിപാടി നടപ്പിലാക്കാൻ ഗ്രാമസഭകൾക്ക് മുന്നോടിയായി പഞ്ചായത്തിൽ പരിശീലനം നടന്നു. ഒൻപതാംപദ്ധതി ജനകീയപദ്ധതിയാക്കുന്നതിന്റെ ഭാഗമായുള്ള വിശേഷാൽ ഗ്രാമസഭകളുടെ പഞ്ചായത്തുതല ഉദ്ഘാടനം 29-09-1996-ന് ജില്ലാ പഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ആർ. സുഭാഷ് നടത്തി. ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലെ എട്ടും, അഞ്ചും വാർഡുകളിലേത് യഥാക്രമം ശാർക്കര ഗവ: യു.പി.എസ്സിലും, ശ്രീ ശാരദവിലാസം ഹയർസെക്കണ്ടറി സ്കൂളിലുംവച്ചുനടന്നു. 17-10-1996-ഓടെ പന്ത്രണ്ടു വാർഡുകളിലേയും വിശേഷാൽ ഗ്രാമസഭകൾ പൂർത്തിയായി. മൊത്തം 3500 പേരാണ് ഗ്രാമസഭകളിൽ പങ്കെടുത്തത്.

ശക്തമായ ജനവികാരങ്ങൾ ഗ്രാമസഭകളിൽ മുഴങ്ങിക്കേട്ടിരുന്നു. നാടിന്റെ പ്രശ്നങ്ങൾ താന്താങ്ങളുടെ സ്വതസിദ്ധമായ ശൈലിയിൽ അവതരിപ്പിക്കാൻ ആരും ആരുടേയും പിന്നിലായിരുന്നില്ല. കൂട്ടത്തിൽ വൈയക്തികപ്രശ്നങ്ങൾകൂടി അല്പാല്പം പരാമർശിക്കപ്പെട്ടു. ഗ്രാമസഭകളിലെ ചർച്ചകൾ എല്ലാംതന്നെ ഗൗരവതരമായിരുന്നു. ഗ്രാമസഭാറിപ്പോർട്ടുകളുടെ ക്രോഡീകരണവും, ദ്വിതീയ വിവരശേഖരണവും സംബന്ധിച്ച് തെരെഞ്ഞെടുക്കപ്പെട്ടവരെ പങ്കെടുപ്പിച്ചുകൊണ്ട് ഏകദിന ശില്പശാലനടത്തി. ശില്പശാലയിൽനിന്ന് 24 പേരുള്ള കോർ ഗ്രൂപ്പിനെ തെരഞ്ഞെടുത്തു. പ്രസ്തുത കോർ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ 18-10-96 മുതൽ 17-12-96 വരെ ഇരുപത്തഞ്ചോളം പ്രവർത്തകരുടെ അദ്ധ്വാനം ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

പഞ്ചായത്ത് കമ്മിറ്റി വായിച്ച് അംഗീകരിച്ച റിപ്പോർട്ട് പഞ്ചായത്തിന്റെ സമഗ്രവികസനത്തിന്റെ മാഗ്നാകാർട്ടയായി മാറുകയാണ്.

നാടിന്റെ നല്ലൊരുനാളേക്കുവേണ്ടി കൂട്ടായ്മയോടെ നമുക്കു മുന്നേറാം.







# ചരിത്രം



"ചിറയിൻകീഴ്"-സീതാപഹരണസമയത്ത് രാവണനെ പിന്തുടർന്ന ജഡായുവിന്റെ ചിറകിൻകീഴിലായിരുന്നു പ്രദേശമെന്നായിരുന്നു ഐതീഹ്യം. അതല്ല, ചിറകളാൽ ചുറ്റപ്പെട്ട സ്ഥലമാണ് ചിറയിൻകീഴ് എന്നും വിശ്വാസമുണ്ട്.

തിരുവനന്തപുരംജില്ലയുടെ വടക്കുപടിഞ്ഞാറുഭാഗത്തായി അറബിക്കടലിന്റെ വശ്യസൗന്ദര്യം മാറിലേന്തി പ്രസിദ്ധമായ മുതലപ്പൊഴിക്ക് വേദിയൊരുക്കി നദികളും, കായലുകളും, വയലുകളും കുന്നുകളും, സമുദ്രതീരവും ഒക്കെ സമഞ്ജസമായി സമ്മേളിക്കുന്ന ഒരു കാർഷികഗ്രാമമാണ് ചിറയിൻകീഴ്. മൊട്ടക്കുന്നുകളും, വയലുകളും മാത്രമുള്ള മേൽ കടയ്ക്കാവൂരും, അറബിക്കടലും കഠിനംകുളം കായലും ഒറ്റപ്പെടുത്തുന്ന പെരുമാതുറയും ഈ ഗ്രാമത്തിന്റെ രണ്ട് വിഭിന്ന ദൃശ്യങ്ങളത്രേ!

വാമനാപുരം നദിയും T.S കനാലും, ശാർക്കരയാറും ഈ ഗ്രാമപ്രദേശത്തെ ചെറുദ്വീപുകളായി വിഭജിക്കുന്നു. പെരുമാതുറ, അനന്തപത്മനാഭൻതോപ്പ്, തെക്കേ അരയതുരുത്തി, വടക്കേ അരയതുരുത്തി, മേൽ കടയ്ക്കാവൂർ തുടങ്ങിയവ ഇങ്ങനെ അന്യവത്കരിക്കപ്പെട്ട പ്രദേശങ്ങളാണ്.

നെല്ലും, നാളികേരവും പ്രധാന വിളകളായ ഈ കാർഷികഗ്രാമത്തിന്റെ ചരിത്രം സുദീർഘമാണ്. ഇത് ആധുനിക തിരുവിതാംകൂറിന്റെ ഉല്പത്തിക്കും അപ്പുറത്താണ്. ഈ ഗ്രാമത്തിന്റെ അരപ്പട്ടപോലെ ചുറ്റിയൊഴുകുന്ന വാമനാപുരം നദിക്ക് സമീപം A.D 9ാം നൂറ്റാണ്ടുമുതൽ മഹോദയപുരം അഥവാ തിരുവഞ്ചിക്കുളം ആസ്ഥാനമാക്കി ഭരണംനടത്തിയിരുന്ന ചേരമാൻപെരുമാൾ നയനാർ ഈ ഗ്രാമത്തിൽ തങ്ങിയിരുന്നതായി വിശ്വസിക്കപ്പെടുന്നു. ചെക്കിഴാരുടെ പെരിയ പുരാണത്തിൽ ചക്രവർത്തിയായി സ്ഥാനാരോഹണം ചെയ്തശേഷം അദ്ദേഹം തന്റെ സുഹൃത്തും സഹചാരിയുമായിരുന്ന സുന്ദരൻമൂർത്തി നയനാരെ കാണാൻ തിരുവാരൂർവരെ പോകുകയുണ്ടായി എന്നും വർഷങ്ങൾക്ക് ശേഷമാണ് മടങ്ങിയെത്തിയതെന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇദ്ദേഹം നിർമ്മിച്ചതെന്ന് വിശേഷിപ്പിക്കപ്പെടുന്ന കൊട്ടാരവും കോടതിയും. തികഞ്ഞ ശിവഭക്തനായിരുന്നപെരുമാൾതന്നെ നിർമ്മിച്ച കേളേശ്വരം ശിവക്ഷേത്രവും രാജകീയപ്രൗഢിയുള്ള അതിന്റെ അനുബന്ധകെട്ടിടങ്ങളും കാലത്തിന്റെ അനിവാര്യമായ നശ്വരതയെ അതിജീവിക്കാൻ കഴിയാതെ നഷ്ടവസന്തത്തിന്റെ സ്പന്ദനങ്ങളും മാറിലൊതുക്കികഴിയുന്നു.

ഈ ചരിത്രാവശിഷ്ടങ്ങൾക്ക് വളരെ അകലെയല്ലാതെ കാണുന്ന പ്രകൃതിരമണീയമായ സമുദ്രതീരം പെരുമാതുറയെന്നാണ് അറിയപ്പെടുന്നത്. പെരുമാൾതുറ ലോപിച്ചാണ് സ്ഥലത്തിന് ഈ പേര് സിദ്ധിച്ചതെന്നവിശ്വാസം ചേരമാൻപെരുമാളിന്റെ ഐതീഹ്യത്തിനു ബലംനൽകുന്നു.

ആധുനിക തിരുവിതാംകൂറിന്റെ ഉദയവും ഈ ഗ്രാമത്തിന്റെ ചരിത്രത്തെ സ്വാധീനിച്ചു. ഗ്രാമത്തിന്റെ മദ്ധ്യഭാഗത്തായി കാണപ്പെടുന്ന ശാർക്കര ദേവീക്ഷേത്രം ദക്ഷിണ കേരളത്തിലെ എണ്ണപ്പെട്ട പൗരാണിക ദേവീക്ഷേത്രങ്ങളിലൊന്നാണ്. കലയുടേയും, സാഹിത്യത്തിന്റേയും സംഗമസ്ഥാനംകൂടിയായിരുന്നു.ക്ഷേത്രം കൊല്ലവർഷം 70–ാം ആണ്ടിൽ സ്ഥാപിച്ചതാണെന്ന് വിശ്വസിക്കപ്പെടുന്നു. ക്ഷേത്രോത്പത്തിയെക്കുറിച്ചും ഒട്ടനവധി ഐതീഹ്യങ്ങൾ പ്രചാരത്തിലുണ്ട്. തമിഴ്നാട്ടിൽനിന്നെത്തിയ ശർക്കര കച്ചവടക്കാർ യാത്രാമദ്ധ്യേ രാത്രിയിൽ ഇവിടെ വിശ്രമിച്ചിരുന്നുയെന്നും അതിൽനിന്നും മൂന്ന് ശർക്കരഭരണികൾ അപ്രത്യക്ഷമായെന്നും അവയിലൊന്ന് ഇന്നീ ക്ഷേത്രം സ്ഥിതിചെയ്യുന്ന കുറ്റിക്കാട്ടിൽ ശിലാരൂപംപ്രാപിച്ച് കണ്ടെത്തിയെന്നും, ആ ശിലാവിഗ്രഹം വില്വമംഗലംനമ്പൂതിരി ഇന്നീ ക്ഷേത്രം സ്ഥിതിചെയ്യുന്നസ്ഥലത്ത് പ്രതിഷ്ഠിച്ചുവെന്നുമാണ്. അതല്ല, ഈ സ്ഥലത്ത് കുട്ടികളോടൊത്ത് കളിച്ചുകൊണ്ടിരുന്ന ദേവിയെ തരുണനല്ലൂർ നമ്പൂതിരി കാണാനിടയായെന്നും നമ്പൂ

തിരിയെകണ്ട് ശിലാരൂപംപ്രാപിച്ച ദേവിയെ അദ്ദേഹം പ്രതിഷ്ഠിച്ചുവെന്നും ഐതിഹ്യമുണ്ട്. ഇന്നും ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠയ്ക്കു പിറകിലായി ശിലാവിഗ്രഹമുണ്ട്. അതിലഭിഷേകംനടത്താറില്ല. ശർക്കരഭരണി ശിലാരൂപംപ്രാപിച്ചതിന്റെ വിശ്വാസത്തിലാണിത്. ക്ഷേത്രത്തിന് പേര് സിദ്ധിച്ചതും ഇതിനാലാണ്.

ക്ഷേത്രോത്പത്തിമുതൽക്കുതന്നെ ഉത്സവങ്ങൾ പതിവായിരുനു. മാർത്താണ്ഡവർമ്മ മഹാരാജാവ് കായംകുളം അക്രമിക്കാൻ പോകുമ്പോൾ വിശ്രമിക്കാൻ തെരഞ്ഞെടുത്തത് ഈ പ്രദേശമായിരുന്നു. ക്ഷേത്രത്തിനു പുറത്തുള്ള പ്രധാന റോഡിനു ഇരുവശവുംകാണുന്ന കടകളെ പാളയം എന്നാണ് ഇന്നും അറിയപ്പെടുന്നത്. മഹാരാജാവിന് വളരെയധികം പ്രയാസങ്ങളുണ്ടാക്കിയ ഈ യുദ്ധത്തിൽ വിജയിച്ചാൽ ഈ ദേവീക്ഷേത്രത്തിൽ വർഷാവർഷം കാളിയൂട്ട് നടത്തിക്കൊള്ളാമെന്ന് രാജാവ് നേർന്നിരുന്നതായി ഐതീഹ്യമുണ്ട്.

ശാർക്കര ഉത്സവത്തോടനുബന്ധിച്ചുനടത്തപ്പെടുന്ന ചമയവിളക്ക് തിരുവിതാംകൂർ മഹാരാജാവിന്റെ വഴിപാടാണ്. വഴിപാട് നടത്തിപ്പിനായി മഹാരാജാവിന്റെ പ്രതിനിധികൾ സർവ്വാഭരണ വിഭൂഷിതരായി സേവകരുടെ അകമ്പടിയോടെ എത്തിക്കഴിഞ്ഞാൽ ക്ഷേത്രപരിസരത്തുള്ള കൊട്ടാരംവകകെട്ടിടത്തിലാണ് കഴിച്ചുകൂട്ടുന്നത്. ഭഗവതികൊട്ടാരം എന്നു പേരുള്ള ഈ കെട്ടിടത്തിലാണ് ഇന്ന് ചിറയിൻകീഴ് പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നത്.

അഴിമതിക്കെതിരായും, സാമൂഹ്യനീതിയ്ക്കുവേണ്ടിയും തിരുവിതാംകൂറിൽ ആദ്യമുന്നേറ്റംസംഘടിപ്പിക്കപ്പെട്ട ഗ്രാമങ്ങളിലൊന്നായിരുന്നു ചിറയിൻകീഴ്. 18-ാം നൂറ്റാണ്ടിന്റെ ഉത്തരാർത്ഥത്തിൽ അഴിമതിക്കാരായ മന്ത്രിമാർക്കെതിരായി തിരുവിതാംകൂറിൽ അതിശക്തമായ സമരം സംഘടിപ്പിക്കപ്പെട്ടപ്പോൾ തെക്കൻ തിരുവിതാംകൂറിൽ വേലുത്തമ്പിക്കൊപ്പം ചിറയിൻകീഴിലും സമീപഗ്രാമങ്ങളിലും ജനകീയമുന്നേറ്റത്തിന്റെ നേതൃത്വം ഏറ്റെടുത്തത് ചിറയിൻകീഴ് സ്വദേശിയായ ചെമ്പകരാമനായിരുന്നു. അഴിമതിക്കെതിരായി ആദ്യപോരാട്ടം നടത്തിയ ഇദ്ദേഹത്തെ തിരുവിതാംകൂർ മഹാരാജാവ് തന്റെ ദളവയായി നിയമിച്ചു. പിൽക്കാലത്തുണ്ടായ രാഷ്ട്രീയസംസ്കൃതിക്ക് ഇതു മാതൃകയായി.

തിരുവിതാംകൂർ രാജകുടുംബവുമായി അടുത്തു ബന്ധമുള്ള കുറെയധികം കുടുംബങ്ങളും ഈ ഗ്രാമത്തിലുണ്ട്. ശ്രീ പത്മനാഭസ്വാമിക്ഷേത്രത്തിലെ ആറാട്ടുത്സവത്തോടനുബന്ധിച്ച് മഹാരാജാവ് എഴുന്നുള്ളുമ്പോൾ അദ്ദേഹത്തിന് മുന്നിലായി രാജകീയ ചിഹ്നമുള്ള കൊടിപിടിക്കുന്നത് ഈ ഗ്രാമത്തിലെ പ്രസിദ്ധനായ ആക്കോട്ട് ആശാനായിരുന്നു.

തിരുവിതാംകൂറിൽ ആയില്യംതിരുനാളിന്റെ ഭരണകാലം ഈ ഗ്രാമത്തിനു മറ്റു പ്രദേശങ്ങളെപ്പോലെ സൗഭാഗ്യങ്ങളുടേയും പുരോഗതിയുടേയും നാളുകളായിരുന്നു. തിരുവനന്തപുരംമുതൽ കായംകുളംവരെയുള്ള പ്രദേശങ്ങളെ ബന്ധപ്പെടുത്തി T.S കനാൽമാർഗ്ഗം ജലഗതാഗതം യോഗ്യമായപ്പോൾ ഈ ഗ്രാമത്തിലെ കുറെയധികം പ്രദേശങ്ങളിലൂടെ ദീർഘദൂരയാത്രയ്ക്ക് വേദിയൊരുങ്ങി. തുടർന്ന് തിരുവിതാംകൂർ രാജകുടുംബാംഗങ്ങൾ കായംകുളത്തേക്കുള്ള ദീർഘദൂരയാത്രയ്ക്ക് പോകുമ്പോൾ ഈ ഗ്രാമത്തിലെ T.S കനാലിനു സമീപമുള്ള പുന്നയ്ക്കാതോപ്പു കൊട്ടാരത്തിലാണ് വിശ്രമിച്ചിരുന്നത്.

T.S കനാൽ പ്രധാന യാത്രാമാർഗ്ഗമായിരുന്നകാലത്ത് തിരുവനന്തപുരം, കൊല്ലം നഗരങ്ങൾക്കിടയിലുള്ള ഏറ്റവും തിരക്കുപിടിച്ച വാണിജ്യകേന്ദ്രമായിരുന്നു ചിറയിൻകീഴ്. ഇക്കാലത്തെ ഏറ്റവും പ്രധാന വാണിജ്യകേന്ദ്രമായ പാണ്ഡികശാല പഞ്ചായത്തിന്റെ ഏഴാംവാർഡിൽ പണ്ഡകശാല എന്നപേരിൽ അറിയപ്പെടുന്ന. വളരെ വിദൂരങ്ങളിൽനിന്നു പോലും കച്ചവടക്കാർ ഇവിടേക്ക് പ്രവഹിച്ചിരുന്നു.

ആധുനിക തിരുവിതാംകൂറിലുണ്ടായ സാമൂഹ്യവും, സാംസ്കാരികവുമായ പരിഷ്കരണപ്രസ്ഥാനങ്ങൾ ഈ ഗ്രാമത്തേയും സ്വാധീനിച്ചു. പ്രജാക്ഷേമതല്പരനായിരുന്ന ആയില്യംതിരുനാൾ മഹാരാജാവ് 1868-ൽ സ്ഥാപിച്ച ധർമ്മാശുപത്രി ചിറയിൻകീഴ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയായി പ്രവർത്തിക്കുന്നു. അടുത്തപേജിൽ നോക്കുക. 1866-ൽതന്നെ സ്ഥാപിച്ച പെൺപള്ളിക്കൂടം ശാർക്കര ദേവീക്ഷേത്രത്തിനു സമീപം U.P. സ്കൂളായി പ്രവർത്തിക്കുന്നു. ഇക്കാലത്തുണ്ടായ വിദ്യാഭ്യാസപരമായ പുരോഗതി സാമൂഹ്യവും, മതപരവുമായ രംഗത്ത് നിലനിന്നിരുന്ന അനാചാരങ്ങളെ നീക്കംചെയ്ത് സമൂഹത്തെ പരിഷ്കരിക്കുവാൻ വേണ്ടിയുള്ള പ്രസ്ഥാനങ്ങളൾക്ക് ആക്കംവർദ്ധിപ്പിച്ചു.

സാമൂഹ്യനീതിക്കുവേണ്ടി തിരുവിതാംകൂറിലുണ്ടായ പ്രഥമ മുന്നേറ്റങ്ങളിലൊന്നായിരുന്നു ശീലവഴക്ക് (നാടാർ ലഹള). താഴ്ന്ന ജാതിക്കാർക്ക് സവർണ്ണസ്ത്രീകൾ ധരിക്കുന്നതുപോലെ മേൽവസ്ത്രം ധരിക്കാൻ അക്കാലത്ത് അനുവാദമുണ്ടായിരുന്നില്ല. വസ്ത്രധാരണത്തിനുള്ള സ്വാതന്ത്ര്യം ആവശ്യപ്പെട്ടുകൊണ്ട് ദക്ഷിണതിരുവിതാംകൂറിലുണ്ടായ അതിശക്തമായ ബഹുജനപ്രക്ഷോഭത്തിന്റെ അലകൾ ഈ ഗ്രാമീണരേയും സ്വാധീനിച്ചു. ഒറ്റപ്പെട്ട ചില സംഭവങ്ങൾ ചില പ്രദേശങ്ങളിലുണ്ടായി. തുടർന്ന് 1829-ൽ അന്നത്തെ തിരുവിതാംകൂർ റാണി പാർവ്വതീഭായി തമ്പുരാട്ടിയുടെ വിളംബരത്തെതുടർന്ന് സ്ത്രീകൾക്ക് വസ്ത്രധാരണസ്വാതന്ത്ര്യം ലഭ്യമായി. എന്നാൽ മേൽമുണ്ടുധരിക്കുവാനുള്ള അവ

കാശം 1859-ലാണ് ഉണ്ടായത്.

ബ്രിട്ടീഷുകാരുടെ ഭരണവും ഈ ഗ്രാമത്തെ സ്വാധീനിച്ചു. ഈ ഗ്രാമത്തിനു സമീപത്തായിരുന്നു, ഇംഗ്ലീഷുകാരുടെ ബോംബെകഴിഞ്ഞാലുള്ള പടിഞ്ഞാറെത്തീരത്തെ ഏറ്റവും പ്രധാന നാവികകേന്ദ്രമായ അഞ്ചുതെങ്ങ്. ബ്രിട്ടീഷ് അധീനതയിലുള്ള അഞ്ചുതെങ്ങിൽ പ്രവേശിക്കാൻ തിരുവിതാംകൂർ സൈന്യത്തിനു അധികാരമുണ്ടായിരുന്നില്ല.

ഈ ഗ്രാമത്തെ അഞ്ചുതെങ്ങുമായി ബന്ധിക്കുന്ന കടത്തുകളിലെല്ലാം ചെക്ക്പോസ്റ്റുകളും സെക്യൂരിറ്റി ഗാർഡുകളും ഉണ്ടായിരുന്നു. തിരുവിതാംകൂറിൽ C.P. രാമസ്വാമി അയ്യരുടെ അമേരിക്കൻ മോഡൽ ഭരണത്തിനെതിരായും ഉത്തരവാദിത്വഭരണത്തിനുവേണ്ടിയും പോരാട്ടംനടത്തിയ നേതാക്കൾ C.P. യുടെ പോലീസിനെ ഭയന്ന് ബ്രിട്ടീഷ് താവളമായ അഞ്ചുതെങ്ങിൽ അഭയംതേടിയിരുന്നു. ബ്രിട്ടീഷ് പട്ടാളത്തിന്റെ കണ്ണുവെട്ടിച്ച് ഇരുട്ടിന്റെ മറവിലൂടെ ഓടി വള്ളങ്ങളിൽ ഈ പോരാളികൾക്ക് വേണ്ട സഹായങ്ങൾ നൽകിയിരുന്ന സമരസേനാനികൾ ഇന്നും ഈ ഗ്രാമത്തിൽ ജീവിച്ചിരിക്കുന്നു.

1946-ലാണ് ചിറയിൻകീഴ് S.S.V.H.S സ്ഥാപിതമായത് ഗ്രാമത്തിന്റെ വിദ്യാഭ്യാസപുരോഗതിക്ക് വഴിത്തിരിവായത് ഈ വിദ്യാകേന്ദ്രമാണ്. സമകാലിക വിദ്യാർത്ഥികളെപ്പോലെ നമ്മുടെ ഗ്രാമത്തിലെ വിദ്യാർത്ഥികളേയും ദേശീയപ്രക്ഷോഭത്തിന്റെ അലയടികൾ സ്വാധീനിച്ചു. ബ്രിട്ടീഷ്ഭരണത്തിനെതിരായി വിപ്ലവം സംഘടിപ്പിക്കാൻ വിദ്യാർത്ഥികൾ നിർബന്ധിതരായി. 1947-ൽ ഈ സ്കൂളിലെ വിദ്യാർത്ഥികൾ ബ്രിട്ടീഷ് ആസ്ഥാനമായ അഞ്ചുതെങ്ങിലേക്ക് ഒരു മാർച്ച് സംഘടിപ്പിച്ചു. അഞ്ചുതെങ്ങിന് സമീപം കടയ്ക്കാവൂരിൽവച്ച് പേഷ്കാരുടെ നേതൃത്വത്തിലുള്ള തിരുവിതാംകൂറിന്റെ കുതിരപ്പട്ടാളം ഇവരെ തടഞ്ഞുനിർത്തുകയും മടങ്ങിപ്പോകാൻ ആവശ്യപ്പെടുകയും ചെയ്തു. ശ്രീമാൻ. T.K. വാസുദേവൻ, ശ്രീ. കുഞ്ചുവീട്ടിൽ രാഘവൻ, K.P. കൊച്ചുകൃഷ്ണൻ, തുണ്ടിൽ പാച്ചുപിള്ള, K.P. നീലകണ്ഠപിള്ള തുടങ്ങിയവർ ഇക്കാലത്തെ സ്വാതന്ത്ര്യസമരസേനാനികളായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിനെതിരെനടന്ന സമരങ്ങളുടെ ഭാഗമായി 1939 സെപ്തംബറിൽ ചിറയിൻകീഴിൽ നിന്നും ആറ്റിങ്ങലേക്ക് ഒരു ജാഥ പുറപ്പെട്ടു. ആറ്റിങ്ങൽ വച്ച് താലൂക്കിലെ മറ്റ് ജാഥകളുമായി ഇത് കൂടിച്ചേർന്നു. ഈ ജാഥയ്ക്കുനേരേ പോലീസ്മർദ്ധനവും വെടിവെയ്പുമുണ്ടായി. മർദ്ധനത്തിന്റെ ഫലമായി ഷഷ്ഠ്യബ്ദപൂർത്തിയാകാറായ സ്വാതന്ത്ര്യസമരസേനാനിയായിരുന്ന ഡോ. N.S. പിള്ള മരണമടയുകയും ചെയ്തു.

1950 കൾക്ക് ശേഷമാണ് ഈ പ്രദേശത്ത് തൊഴിൽ സമരങ്ങളുണ്ടാകുന്നത്. ഇവയ്ക്ക് നേതൃത്വംനൽകിയത് കമ്മ്യൂണിസ്റ്റ് പാർട്ടികളുമായിരുന്നു. അതുവരെ ദേശീയപ്രക്ഷോഭത്തിന്റെമാതൃകയിൽ രഹസ്യമായി C.P. രാമസ്വാമി അയ്യരുടെ അമേരിക്കൻമോഡൽ ഭരണത്തിനെതിരായും, തൊഴിലാളികളുടെ സാമൂഹ്യസംരക്ഷണത്തിനുവേണ്ടിയും അതിശക്തമായി പ്രവർത്തിച്ചിരുന്ന കമ്മ്യൂണിസ്റ്റു പാർട്ടി നിരോധിച്ചിരുന്ന കാലത്ത് നിരോധനം ലംഘിച്ച് പ്രത്യക്ഷസമരമാർഗ്ഗം കൈക്കൊണ്ട ഈ പ്രദേശത്തെ ആദ്യകാല കമ്മ്യൂണിസ്റ്റുകാരായ ശ്രീ. R. സദാനന്ദൻ, A. ഉമ്മർപിള്ള, നെൽസൺ, കുഞ്ഞുരാമൻ തുടങ്ങിയവർ 17 ദിവസം ജയിലിൽ അടയ്ക്കപ്പെട്ടു. ഈ സംഭവം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനത്തിന്റെ ഈ പ്രദേശത്തെ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിക്കുന്നതിന് നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. കയർ-കാർഷികമേഖലകളിൽ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് അവരുടെ അടിസ്ഥാനം ശക്തിപ്പെടുത്തുകയും തുടർന്ന് 1950 കളിൽ ആദ്യമായി ഈ ഗ്രാമത്തിൽ കയർതൊഴിലാളി സമരം സംഘടിപ്പിക്കുകയും ചെയ്തു. ഈ സമരത്തെ പോലീസ് മർദ്ധനംകൊണ്ട് നേരിടുവാൻ തൊഴിലുടമ തയ്യാറായെങ്കിലും 20 ദിവസം നീണ്ടുനിന്ന സമരം വിജയിക്കുകയും എട്ടണക്കൂലി നിലവിൽവരുത്തുകയും ചെയ്തു. അക്കാലത്തെ തൊഴിലാളിനേതാക്കളായ ശ്രീ. R. പ്രകാശം, ശ്രീ. K.P. കരുണാകരൻ എന്നിവർ ഇതിനു നേതൃത്വംനൽകി. കൈത്തറി, ബീഡി, കാർഷികമേഖലകളിലെ തൊഴിലാളികളെ സംഘടിപ്പിക്കുവാനും അവരുടെ സേവന-വേതനവ്യവസ്ഥകൾ പരിഷ്കരിക്കുവാനും അക്കാലത്ത് തൊഴിലാളിപ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞു.

1950 കളിൽ ഗ്രാമത്തിന്റെ 9-ാം വാർഡായ കടകംപ്രദേശത്ത് സ്ഥിതിചെയ്യുന്ന ഹിൽപാലസിൽനിന്നും കൊട്ടാരംവക കൈവശമാക്കിയ സ്വകാര്യവ്യക്തികൾ ഗ്രാമീണർക്ക് ശുദ്ധജലംനിഷേധിച്ചതിനെതിരായി ജനങ്ങൾ സംഘടിക്കുകയും തമ്പുരാന്റെ കാലംമുതൽ ലഭ്യമായിരുന്ന സ്വാതന്ത്ര്യം മടക്കിത്തരണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ജന്മി പോലീസ്സഹായത്തോടെ മുപ്പതിലേറെപ്പേരെ പ്രതിചേർത്തു കേസെടുക്കുകയും കൊടിയ മർദ്ധനങ്ങളഴിച്ചുവിടുകയുംചെയ്തു. ശ്രീമാൻ K.P. കരുണാകരനും, ശ്രീ. കൊച്ചുനാരായണനും ഇക്കൂട്ടത്തിൽ മർദ്ദനം ഏറ്റവരാണ്.

ജന്മിത്തസമ്പ്രദായമായിരുന്നു ഇക്കാലത്ത് നിലനിന്നിരുന്നത്. ഓരോ ജന്മിത്തറവാടുകളേയും കേന്ദ്രീകരിച്ച് കുറെയധികം കാർഷികതൊഴിലാളികളുണ്ടായിരുന്നു. കാർഷികതൊഴിലാളികളുടെ അവസ്ഥ വളരെ ശോചനീയമായിരുന്നു. പകലന്തിയോളം പണിയെടുത്തിരുന്ന തൊഴിലാളികളോട് മനുഷ്യത്വരഹിതമായാണ് ജന്മി പെരുമാറിയിരുന്ന

ത്. ഉച്ചയ്ക്ക് ആഹാരവും വൈകുന്നേരം അല്പം നെല്ലുമായി സ്വന്തം കുടിലുകളിലേക്ക് മടങ്ങിപ്പോയിരുന്ന ഈ കർഷകരുടെ അവസ്ഥ ഈ നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ പരിവർത്തനവിധേയമായ ഭൂപരിഷ്കാരം ഈ മാറ്റങ്ങൾക്ക് സഹായകമായി.

ഈഴവർക്കും മറ്റ് പിന്നോക്കവിഭാഗക്കാർക്കും ക്ഷേത്രപ്രവേശനം ഈ ഗ്രാമത്തിലും നിഷിദ്ധമായിരുന്നു. ശാർക്കരദേവീക്ഷേത്രത്തിനും കുറെയധികം അകലെനിന്ന് തൊഴുതുമടങ്ങുകയായിരുന്നു പതിവ്. ഈ അനാചാരങ്ങൾക്ക് മാറ്റംവരുത്തുവാൻ ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ അലയടിച്ചുയർന്ന പ്രക്ഷോഭങ്ങൾ ഈ ഗ്രാമത്തെ വളരെയധികം സ്വാധീനിച്ചു. അദ്ദേഹം സ്ഥിരമായി എത്തിച്ചേരാറുള്ള നിരവധിസ്ഥലങ്ങളും ബന്ധുജനങ്ങളും ഈ പ്രദേശത്തുണ്ട്. ചിറയിൻകീഴ് സഭവിളയിലും, വലിയകട കളിയിൽപുരം വീട്ടിലും ശ്രീനാരായണഗുരുവിന്റെ സാന്നിദ്ധ്യംതെളിയുന്ന രേഖകൾ ഇന്നും അവശേഷിക്കുന്നു. പുതുക്കരി മുക്കാലുവട്ടം ക്ഷേത്രത്തിൽ ഇദ്ദേഹം ധ്യാനത്തിനായി തെരഞ്ഞെടുത്തിരുന്നു. അദ്ദേഹത്തിന്റെ ഏകാഗ്രത നഷ്ടപ്പെട്ടതിനാൽ ഇവിടം ഉപേക്ഷിക്കുകയായിരുന്നു. ഈ ഗ്രാമത്തിന്റെ വടക്കുപടിഞ്ഞാറ് ഭാഗത്തായി സ്ഥിതിചെയ്യുന്ന മേൽകടയ്ക്കാവൂർ പ്രദേശത്ത് ശ്രീനാരായണഗുരു ധ്യാനത്തിനുവേണ്ടി തെരഞ്ഞെടുത്തിരുന്നു. എന്നാൽ ഈ പ്രദേശത്തെ ജനങ്ങളുടെ നിസ്സഹകരണവും വിയോജിപ്പും അവിടംവിട്ടുപോകാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. ഗുരുവിഹാറും, ഗുഹയും ഗുരുവിന്റെ പാദസ്പർശത്തിന്റെ ഊഷ്മളമായ സ്വപ്നങ്ങളുംപേറി കാലത്തെ അതിജീവിച്ച് മുന്നേറുന്നു. സാമൂഹ്യപരിഷ്കരണപ്രസ്ഥാനത്തിന്റെ ഭാഗമായിരുന്ന അയിത്തത്തിനെതിരായ പ്രക്ഷോഭങ്ങൾ ക്ഷേത്രപ്രവേശനത്തിനും മറ്റ് സാമൂഹ്യസമത്വത്തിനുംവേണ്ടി ഉണ്ടായ "ചായക്കടവഴക്ക്"പോലുള്ള സമരങ്ങൾക്കും ഈ കാലഘട്ടം സാക്ഷ്യംവഹിച്ചു. തൊഴിലാളിപ്രസ്ഥാനങ്ങളും ശ്രീനാരായണധർമ്മപരിപാലനയോഗവും, അയ്യൻകാളിയും സാമൂഹ്യപരിഷ്കരണസംഘടനയും ഇത്തരം സമരങ്ങൾക്ക് നേതൃത്വം നൽകി. ഈ സമരങ്ങളിൽ പങ്കെടുത്ത ഒട്ടനവധിപേർ ഇന്നും ജീവിച്ചിരിക്കുന്നു.

ഗ്രാമക്ഷേത്രോത്സവങ്ങൾ കലാസംഗമത്തിന്റെ വേദികളായിരുന്നു. അയിത്തവും, തീണ്ടലും നിലനിന്നിരുന്ന കാലത്തുപോലും ക്ഷേത്രോത്സവം ഗ്രാമത്തിന് ലഹരിയായിരുന്നു. കലാ–സാംസ്കാരിക മേഖലകളിൽ ഗ്രാമത്തിനാകെ സഹായകമായ ഭഗവതിവിലാസം ഗ്രന്ഥശാല ഈ പ്രദേശത്തിലെ ഗ്രന്ഥശാലകളുടെ മുത്തശ്ശിയായി ഇന്നും തുടരുന്നു. ആയോധനകലകളും ക്ഷേത്രപരിസരത്ത് വികാസം പ്രാപിച്ചിരുന്നു. നൂറ്റാണ്ടുകൾ പഴക്കമുള്ള ആക്കോട്ട് ആശാന്മാരുടെ കളരി ഇന്നും നിലനിൽക്കുന്നു. ഈ ക്ഷേത്രപരിസരത്തും ഗ്രന്ഥശാലയിലും ഹരിശ്രീകുറിച്ച കലാകാരന്മാരാണ്, ആധുനിക നാടകത്തിന്റെ ആചാര്യനായ ജി. ശങ്കരപിള്ളയും, മലയാളികളുടെ അഭിമാനമായ ശ്രീ പത്മഭൂഷൻ പ്രേംനസീറും, ശോഭനപരമേശ്വരൻനായരും, ഭരത് അവാർഡുനേടിയ ശ്രീ. ഗോപി, ജി.കെ. പിള്ള, പ്രശസ്ത ചിത്രകാരൻ ശ്രീകണ്ഠൻനായർ തുടങ്ങിയവർ.

1956–ൽ പുതുക്കേരി കേന്ദ്രീകരിച്ചാരംഭിച്ച ആശാൻ ആർട്ട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് കലാരംഗത്ത് വളരെയധികം സംഭാവനകൾ നൽകിയിട്ടുണ്ട്. 1968–ൽ ദക്ഷിണതിരുവിതാംകൂറിലെ ആദ്യത്തെ ജലോത്സവം ഇവിടെ സംഘടിപ്പിക്കപ്പെട്ടു. ജലഘോഷയാത്രയ്ക്ക് അമിതപ്രാധാന്യമുണ്ടായിരുന്ന ഈ ജലോത്സവം ചുണ്ടൻവള്ളങ്ങളുടെ വരവ് നിലച്ചതോടെ അപ്രത്യക്ഷമായി.

നമ്മുടെ സംസ്ഥാനത്ത് ആധുനിക പഞ്ചായത്തുകൾ നിലവിൽവരുന്നതിനുമുമ്പ് ജനകീയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് നാമനിർദ്ദേശംചെയ്യുന്ന പഞ്ചായത്തുകൾ നിലവിലുണ്ടായിരുന്നു. അത്തരത്തിലുള്ള പഞ്ചായത്തിലെ നാമനിർദ്ദേശംചെയ്യപ്പെട്ട അംഗങ്ങളിൽ ചിലരായിരുന്നു പാലവിള രാമൻപിള്ള, മുസ്തഫാമുതലാളി, ജോസഫ് സാർ തുടങ്ങിയവർ.

1953–ലാണ് ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് നിലവിൽ വന്നത്. ശ്രീമാൻ M.P. കൃഷ്ണപിള്ള ആദ്യപ്രസിഡന്റായിരുന്നു. പഞ്ചായത്ത് മെമ്പറായിരിക്കെ അന്തരിച്ച തൊഴിലാളി നേതാവ് കടയ്ക്കാവൂർ ശശി, രണ്ടു വ്യാഴവട്ടക്കാലം പഞ്ചായത്ത് മെമ്പറായിരുന്ന അന്തരിച്ച സഖാവ് പി.പി. ആനന്ദൻ എന്നിവർ സ്മരണീയരാണ്. M.P. കൃഷ്ണപിള്ള, N.K. നാരായണൻവൈദ്യൻ, N. പഞ്ചാപകേശൻ, ശ്രീ ആനത്തലവട്ടം ആനന്ദൻ, ശ്രീ. അഡ്വ: B. മാധവൻ തുടങ്ങിയവരായിരുന്നു മുൻകാല പ്രസിഡന്റുമാർ.

മതമൈത്രിക്കും പ്രസിദ്ധമാണീഗ്രാമം. ശാർക്കര ദേവീക്ഷേത്രത്തിനും അതിനടുത്തപ്രദേശമായ കാട്ടുമുറാക്കൽ മുസ്ലീം ദേവാലയത്തിനും വസ്തുക്കൾ ദാനംചെയ്തത് ഒരേ കുടുംബക്കാരാണ്. ഇംഗ്ലീഷ്കാർ ഈ ഗ്രാമത്തിൽ അരയതുരുത്തിയിൽ നടത്തിയ മിഷണറിപ്രവർത്തനങ്ങൾക്കും അവർ സ്ഥാപിച്ച ദേവാലയത്തിനും ഈ ഗ്രാമീണർ സർവ്വവിധ പിന്തുണയും നൽകി. ഇങ്ങനെ മതമൈത്രിയും, സാഹോദര്യവും ഒത്തുചേർന്ന് ക്ഷേത്രോത്സവങ്ങളും പെരുനാളും ക്രിസ്തുമസും ഹർഷാരവത്തോടെ ഏറ്റുവാങ്ങുന്ന ഉത്ബുദ്ധരായ ഈ ഗ്രാമീണ ജനത സന്തോഷത്തോടെയും സമാധാനത്തോടെയും തങ്ങളുടെ സാംസ്കാരികപൈതൃകവും നെഞ്ചിലേറ്റി അരബിക്കടലിന്റെ കുളിർക്കാറ്റേറ്റ് കേരവൃക്ഷങ്ങളുടെ ശീതളഛായയിൽ ജീവിതം ധന്യമാക്കുന്നു.

# ഭൂപ്രകൃതിയും വിഭവങ്ങളും



ഒരു പഞ്ചായത്തിന്റെ ഭൂപ്രകൃതിയെസംബന്ധിച്ചും, വിഭവങ്ങളെസംബന്ധിച്ചുമുള്ള വ്യക്തമായ വിവരം ലഭ്യമാക്കുന്നതിനുള്ള ഏറ്റവും ശാസ്ത്രീയമായ രീതി ആ പഞ്ചായത്തിന്റെ വിഭവ ഭൂപടനിർമ്മാണവും അനുബന്ധപഠനപ്രവർത്തനങ്ങളുമാണ്. ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിൽ ഇതിനകം വിഭവ ഭൂപടനിർമ്മാണ പ്രവർത്തനം നടത്തുവാൻ കഴിഞ്ഞിട്ടില്ല. ഈ പരിമിതി തരണംചെയ്യുവാൻ ഭൂപ്രകൃതിയേയും വഭവങ്ങളേയും ചുരുങ്ങിയസമയത്തിനുള്ളിൽ മനസ്സിലാക്കുന്നതിലേക്കായി പഠനപര്യടനം പഞ്ചായത്തിലെ 3 പാതകളിലൂടെ നടത്തുകയുണ്ടായി. പഠനപര്യടനത്തിലൂടെ ലഭിച്ച വിവരങ്ങളെ വിശകലനംചെയ്ത് അവതരിപ്പിക്കുകയാണ്.

## 1.1. ഭൂപ്രകൃതി

കേരളത്തെ 13 കാർഷികമേഖലകളായാണ് (Agro climatic zones) തരംതിരിച്ചിട്ടുള്ളത്. ഇതിൽ ചിറയിൻകീഴ് ബ്ലോക്കിന്റെ തെക്കുപടിഞ്ഞാറു ഭാഗത്ത് സ്ഥിതചെയ്യുന്ന ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് സതേൺ മിഡ്ലാന്റ് സോണിൽ പെടുന്നു. ഭൂപ്രകൃതിയും പൊക്കവും കണക്കിലെടുത്ത് ഭൂമിതരംതിരിവിൽ ഈ പഞ്ചായത്തിന്റെ കുറച്ചുഭാഗം തീരപ്രദേശത്തിലും കുറച്ചുഭാഗം ഇടനാട്ടിലും ഉൾപ്പെടുന്നു.

കേരളത്തിന്റെ ഭൂപ്രകൃതിക്കനുസൃതമായി ചിറയിൻകീഴ് പഞ്ചായത്തിന്റെ ഒന്ന്, രണ്ട്, മൂന്ന് വാർഡുകൾ ഒഴികെയുള്ള സ്ഥലം കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ചരിഞ്ഞാണ് കിടക്കുന്നത്. ഒന്ന്, രണ്ട്, മൂന്ന് വാർഡുകൾ ഉൾപ്പെടുന്ന സ്ഥലഭാഗം വടക്കുകിഴക്ക് നിന്നും തെക്കുപടിഞ്ഞാറായി ചരിഞ്ഞുകിടക്കുന്നു. സമുദ്രനിരപ്പിൽനിന്നും മൂന്നുമുതൽ നാൽപ്പത്തി അഞ്ച് മീറ്റർവരെ ഉയരത്തിലാണ് പഞ്ചായത്ത് ഭൂവിഭാഗം സ്ഥിതിചെയ്യുന്നത്. ഭൂപ്രകൃതിയും ഉയരവ്യതിയാനവും കണക്കിലെടുത്ത് മൊത്തം പഞ്ചായത്ത് പ്രദേശത്തെ മൂന്നായി തരംതിരിക്കാം. (i) മൂന്നുമീറ്ററിനും പത്തുമീറ്ററിനും ഇടയിൽ സ്ഥിതിചെയ്യുന്ന ഭൂപ്രദേശം.

(ii) പത്തുമുതൽ ഇരുപതു മീറ്റർ ഉയരെ സ്ഥിതിചെയ്യുന്ന ഭൂപ്രദേശം

(iii) ഇരുപതുമുതൽ നാല്പത്തിയഞ്ച് മീറ്റർവരെ സ്ഥിതിചെയ്യുന്ന ഭൂപ്രദേശം.

വിവിധ ഉയരവ്യതിയാനത്തിൽ സ്ഥിതിചെയ്യുന്ന വാർഡുകളുടെ വിവരം പട്ടിക 1-ൽ മനസ്സിലാക്കാം.

| ക്രമ നമ്പർ | സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം | ഉൾപ്പെടുന്ന വാർഡുകൾ | |
|---|---|---|---|
| | | പൂർണ്ണമായി | ഭാഗികമായി |
| 1. | 3–10 | 6, 7, 10, 11, 12 | 4, 8, 5 |
| 2. | 10–20 | 5 | 1, 2, 4, 8 |
| 3. | 20–45 | – | 1, 2, 8, 9 |

മേൽപ്പറഞ്ഞ തരംതിരിവ് കൂടാതെ കടൽ, കായൽ, തോട് എന്നീ ജലാശയങ്ങളുടെ സാമീപ്യവും കുന്നുകളുടേയും, പുഴകളുടേയും സാമീപ്യവും കണക്കിലെടുത്ത് തീരപ്രദേശമെന്നും താഴ്വരയെന്നും രണ്ടു മേഖലകളായിക്കൂടി തരംതിരിക്കാവുന്നതാണ്.

## 1.1a. കുന്നിൻപ്രദേശം

പഞ്ചായത്തിന്റെ വടക്കുകിഴക്ക് അതിർത്തിവാർഡുകളായ രണ്ട്, ഒന്ന് വാർഡുകളിൽ യഥാക്രമം ഉൾപ്പെടുന്ന പള്ളിക്കാട്പ്രദേശവും മൂപ്പക്കുടിപ്രദേശവും നാലാംവാർഡിലെ പടനിലം, വട്ടത്തുവിള പ്രദേശവും എട്ടാംവാർഡി





ലെ കട്ടയ്ക്കാൽ കോട്ടപ്പുറം ഭാഗങ്ങളും ഒൻപതാം വാർഡിലെ കുന്നിൻപ്രദേശവും ഇതിൽപ്പെടുന്നു.

### 1.1b. താഴ്വര

ഒന്ന്, രണ്ട് വാർഡുകളിൽപ്പെട്ട പഴഞ്ചിറ ഏലായും എട്ടാംവാർഡിൽ വലിയചിറ ഏലായും കോട്ടപ്പുറം കുന്നിനു കിഴക്കുഭാഗത്തുള്ള പ്രദേശവും ഇതിൽപ്പെടുന്നു.

### 1.1c. സമതലം

അഞ്ചാംവാർഡ് പൂർണ്ണമായും ഒന്ന്, രണ്ട്, നാല്, എട്ട് വാർഡുകൾ ഭാഗീകമായും ഇതിൽപ്പെടുന്നു.

### 1.1d. തീരസമതലം

മൂന്ന്, ആറ്, ഏഴ്, പത്ത്, പതിനൊന്ന്, പന്ത്രണ്ട് എന്നീ വാർഡുകൾ പൂർണ്ണമായും നാല്, ഒൻപത് വാർഡുകൽ ഭാഗീകമായും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.

### 1.1e. കുന്നിൻചരിവ്

ഈ ഭൂവിഭാഗത്തിൽ കോട്ടപ്പുറം കുന്നിൻപ്രദേശത്തിന്റെ കിഴക്കുവശത്തായുള്ള ചരിവ് കൂടിയ പ്രദേശങ്ങളും പടിഞ്ഞാറും കിഴക്കുമുള്ള ചരിവ്കുറഞ്ഞ പ്രദേശങ്ങളും കൂടാതെ പള്ളിക്കാട്ടുകുന്നിന്റെ കിഴക്കൻചരിവ് മണ്ണാത്തിക്കുന്നിന്റെ പടിഞ്ഞാറൻചരിവും പ്രധാനമായും ഉൾക്കൊള്ളുന്നു.

### 1.1f. ചതുപ്പ് (നീർക്കെട്ട് പ്രദേശം)

ഏഴാംവാർഡിലെ പുതുക്കരിയിൽ വണ്ടിക്കടജംഗ്ഷന് കിഴക്കും പടിഞ്ഞാറ്പ്രദേശവും, മുക്കാലുവട്ടം സ്കൂളിന് കിഴക്കുവശവും എട്ടാംവാർഡിൽ കോട്ടപ്പുറംകുന്നിന് കിഴക്കുവശം വയൽ നികഴ്ത്തിയ സ്ഥലവും നാലാംവാർഡിൽ വടക്കേ അതിരിനോട് ചേർന്ന് Y.M.A യ്ക്ക് വടക്കുഭാഗത്തുള്ള പ്രദേശവും, ഒൻപതാംവാർഡിലെ ചന്തിരത്തുവാട, ആറാടിപ്പാത എന്നീ പ്രദേശങ്ങളും ഇതിൽ ഉൾപ്പെടുന്നു.

## 1.2. കാലാവസ്ഥ

പഞ്ചായത്തിന്റെ പ്രതിവർഷംപെയ്യുന്ന മഴസംബന്ധിച്ചും പഞ്ചായത്തിലെ താപനിലസംബന്ധിച്ചും വ്യക്തമായ വിവരം ശേഖരിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ തിരുവനന്തപുരംജില്ലയിലെ ശരാശരി വർഷപാതം, താപനില എന്നിവയിൽനിന്നും ഏറെ വ്യത്യസ്ഥമല്ല ചിറയിൻകീഴിൽ ലഭിക്കുന്ന വർഷപാതവും, താപനിലയും. അതിനാൽ ലാന്റ് റിസോഴ്സസ് ഓഫ് കേരള (1995) യിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു.

| ജില്ല | മാസം | സാധാരണ മഴ മി.മീ. |
|---|---|---|
| തിരുവനന്തപുരം | ജനുവരി | 22 |
| | ഫെബ്രുവരി | 19 |
| | മാർച്ച് | 45 |
| | ഏപ്രിൽ | 120 |
| | മേയ് | 225 |
| | ജൂൺ | 377 |
| | ജൂലായ് | 279 |
| | ആഗസ്റ്റ് | 157 |
| | സെപ്തംബർ | 170 |
| | ഒക്ടോബർ | 280 |
| | നവംബർ | 182 |
| | ഡിസംബർ | 67 |
| | വാർഷികം | 1943 |

| വർഷം | മാസം | കൂടിയ താപനില | കുറഞ്ഞ താപനില |
|---|---|---|---|
| 1994 | ജനുവരി | 31.6 | 22.6 |
| | ഫെബ്രുവരി | 31.8 | 23.4 |
| | മാർച്ച് | 32.6 | 23.9 |
| | ഏപ്രിൽ | 32.9 | 25.2 |
| | മേയ് | 32.6 | 25.8 |
| | ജൂൺ | 30.1 | 23.9 |
| | ജൂലായ് | 29.9 | 23.5 |
| | ആഗസ്റ്റ് | 29.7 | 23.6 |
| | സെപ്തംബർ | 31.1 | 24 |
| | ഒക്ടോബർ | 30.5 | 23.7 |
| | നവംബർ | 31.1 | 23.8 |
| | ഡിസംബർ | 32.1 | 22.4 |

തിരുവനന്തപുരം എയർപോർട്ടിൽ രേഖപ്പെടുത്തിയ ഉയർന്നതും താഴ്ന്നതുമായ താപനിലയുടെ പ്രതിമാസ ശരാശരി (ഡിഗ്രി സെൽഷ്യസിൽ) മുകളിൽ കൊടുത്തിരിക്കുന്നു.

പട്ടികകൾ പരിശോധിക്കുമ്പോൾ തിരുവനന്തപുരം ജില്ലാ ശരാശരിപോലെതന്നെ ഈ പഞ്ചായത്തിൽ ഏറ്റവും അധികം മഴ ലഭിക്കുന്നത് ജൂൺ, ഒക്ടോബർ മാസങ്ങളിലും ഏറ്റവും കുറഞ്ഞ മഴ ലഭിക്കുന്നത് ജനുവരി, ഫെബ്രുവരി മാസങ്ങളിലുമാണ്. കൂടിയ താപനില അനുഭവപ്പെടുന്ന മാസം ജില്ലാ ശരാശരിയിൽ കാണുന്നതുപോലെ മാർച്ച് ഏപ്രിൽ, മേയ് മാസങ്ങളിലാണ്.

## 1.3. ജലലഭ്യത

വിസ്തൃതമായ ജലാശയഭാഗങ്ങൾ പഞ്ചായത്ത് ഭൂ അതിർത്തിക്കുള്ളിൽ ഉൾപ്പെടുന്നു. കഠിനംകുളം, അഞ്ചുതെങ്ങ് കായലുകൾ, പുരാതനമായ T.S. കനാലിന്റെ ഭാഗങ്ങൾ, മൂന്ന്, നാല് വാർഡുകളിൽക്കൂടി ഒഴുകുന്നു. വാമനപുരം ആറിന്റെ ഭാഗം, അഞ്ച്, ഏഴ്, എട്ട്, പത്ത് വാർഡുകളിൽക്കൂടി കടന്നുപോകുന്ന ശാർക്കര ആറിന്റെഭാഗം, വലിയ ചിറ ഏലായ്ക്ക് കിഴക്കുഭാഗത്ത് ഒഴുകുന്ന തുറയ്ക്കൽതോടിന്റെ ഭാഗം ഇവ ചേർന്നതാണ്.

പഞ്ചായത്തിലെ കൃഷി ആവശ്യങ്ങൾക്കും, കുടിവെള്ളത്തിനും പ്രധാനമായി ആശ്രയിക്കുന്നത് പഞ്ചായത്തു പ്രദേശത്തെ തെക്കും വടക്കും രണ്ടുഭാഗങ്ങളായി വേർതിരിക്കുന്ന വാമനപുരം ആറും അതിന്റെ കൈവഴിയായ ശാർക്കരയാറും അതിന്റെ പോഷകനദിയായ നാറാങ്ങൽ തോടുമാണ്. പഞ്ചായത്തിലെ ഒന്നും, രണ്ടും വാർഡുകളിലെ നെൽകൃഷിക്ക് പ്രസിദ്ധമായ 'പഴഞ്ചിറ' കുളത്തെയാണ് ആശ്രയിക്കുന്നത്. കുളിക്കുന്നതിനും, അലക്കുന്നതിനും മറ്റു ചെറുകുളങ്ങളും നിലവിലുണ്ട്. പൊതു ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഒൻപതാംവാർഡിൽ മഞ്ചാടിമൂട്ടിലും, എട്ടാംവാർഡിൽ കോളിച്ചിറ പ്രദേശത്തുമായുള്ള രണ്ടു നീരുറവകളും മഞ്ചാടിമൂട് റെയിൽവേഗേറ്റിനു പടിഞ്ഞാറുഭാഗത്തുള്ള പൊതു കിണറും, ശാർക്കര മൈതാനത്തിന്റെ തെക്കുകിഴക്കും, തെക്കുഭാഗത്തുമുള്ള രണ്ടുകിണറുകളും, പുതുക്കരിയിൽ ഒരു കിണറും, പണ്ടകശാലജംഗ്ഷനിലേയും, പണ്ടകശാല പാർവ്വതീപുരം മാർക്കറ്റിനെതിർവശത്തേയും കിണറുകളും ശുദ്ധജലദൗർലഭ്യമുള്ള പ്രദേശങ്ങളിൽ പൊതുവായി പ്രയോജനപ്പെടുത്തുന്ന ജലസ്രോതസ്സുകളാണ്. പഞ്ചായത്തുപ്രദേശത്തെ കിണറുകളിലെ ജലവിതരണം ശരാശരി 1.50% മീറ്റർമുതൽ 15 മീറ്റർവരെ താഴ്ചയിലാണ് കാണുന്നത്. ഭൂരിഭാഗം പ്രദേശത്തും കിണർവെള്ളം ഓരുകലർന്നതും ഉപ്പുകലർന്നതുമാണ്. ആയതിനാൽ കിണറുകൾ ഉണ്ടെങ്കിലും തദ്ദേശവാസികൾ പൈപ്പുവെള്ളത്തേയും ആശ്രയിക്കുന്നുണ്ട്. പഞ്ചായത്തിൽ ശുദ്ധജലം കിട്ടുന്ന ഒന്ന്, രണ്ട്, നാല്, അഞ്ച്, എട്ട് വാർഡുകളിലെ ചിലഭാഗങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ളപ്രശ്നം ഉണ്ടാകാറുണ്ട്. പഞ്ചായത്തുപ്രദേശത്ത് മൊത്തത്തിൽ ശുദ്ധജലവിതരണത്തിനായി പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിലോ പഞ്ചായത്ത് സമീപപ്രദേശങ്ങളിലോ ജലവിതരണത്തിനുതകുമാറ് ജലസംഭരണി (Over Head Tank) ഇല്ലാത്തതിനാൽ കോട്ടപ്പുറം, മേൽ കടയ്ക്കാവൂർ, മണ്ണാത്തിമൂല, പള്ളിക്കാട്, അരയതുരുത്തി, ചന്തിരം, പെരുമാതുറ എന്നീ പ്രദേശങ്ങളിൽ പൈപ്പ്വെള്ളം കിട്ടാറില്ല.

## 1.4. മൺതരങ്ങൾ

പഞ്ചായത്തിലെ കുന്നിൻപ്രദേശങ്ങളിൽ പ്രധാനമായും ചരൽകലർന്ന ചെമ്മണ്ണ് ചെറിയ കുന്നിൻപ്രദേശമായ വെട്ടത്തുവിള പടനിലം പ്രദേശങ്ങളിൽ പ്രധാനമായും മണ്ണുകലർന്ന ചെമ്മണ്ണ് കാണപ്പെടുന്നു. സമതലപ്രദേശങ്ങളിൽപ്പെടുന്ന എട്ടാം വാർഡിന്റെ ഭാഗങ്ങളിലും നാലാംവാർഡിന്റെ ഭാഗങ്ങളിലും അഞ്ചാംവാർഡിൽ മൊത്തമായും മണലുകലർന്ന പശമണ്ണാണ്. ആനത്തലവട്ടംഭാഗത്ത് മണലംശം കൂടിയ കളിമണ്ണും താഴംപള്ളി, പൂത്തുറ, പെരുമാതുറ ഭാഗങ്ങളിൽ പൂഴിമണ്ണുമാണ് കാണുന്നത്. താഴ്വരപ്രദേശങ്ങളിൽ മുഖ്യമായും ജൈവാംശമുള്ള കളിമണ്ണാണ് കാണപ്പെടുന്നത്. പഞ്ചായത്തിലുള്ള ചതുപ്പുപ്രദേശങ്ങളിൽ മിക്കവാറും കണ്ടുവരുന്നത് നീർവാർച്ച കുറവുള്ള കളിമണ്ണാണ്.

പഞ്ചായത്ത് ഭൂപ്രദേശത്തെ മൺതരങ്ങൾ ഏതേതു വാർഡുകളിൽ കാണപ്പെടുന്നു എന്നത് പട്ടികയിൽ കാണിച്ചിരിക്കുന്നു.

മൺതരങ്ങൾ (അവലംബം: പഠനപര്യടനം)

| ക്രമ നമ്പർ | മൺതരങ്ങൾ | കാണപ്പെടുന്ന വാർഡുകൾ |
|---|---|---|
| 1. | ചരൽ കലർന്ന ചെമ്മണ്ണ് | 1, 2, 8 |
| 2. | മൺ കലർന്ന പശ മണ്ണ് | 4, 5, 8, 9 |
| 3. | മണലംശം കൂടിയ കളിമണ്ണ് | 3, 7, 10 |
| 4. | ചെളിമണ്ണ് | 6, 10 |
| 5. | പൂഴിമണ്ണ് | 6, 11, 12 |

## 1.5. ഭൂവിനിയോഗം

പഞ്ചായത്തിലെ ആകെ ഭൂമിയുടെ പൊതുവിനിയോഗരീതി പട്ടികയിൽ കാണിക്കുംവിധമാണ്. (തോടുകളും, കുളങ്ങളും ഒഴികെ)

| | |
|---|---|
| 1. കൃഷിയോഗ്യമായ തരിശ് | 583 ഏക്കർ 64 സെന്റ് |
| 2. കാർഷികേതര ആവശ്യങ്ങൾക്ക് വിനിയോഗിച്ച ഭൂമി | 367 ഏക്കർ 31 സെന്റ് |
| 3. കൃഷിയോഗ്യമില്ലാത്ത തരിശ് | 584 ഏക്കർ 64 സെന്റ് |
| 4. ഒരു പ്രാവശ്യത്തിൽ കൂടുതൽ വിളവിറക്കുന്ന സ്ഥലം | 2335 ഏക്കർ 88 സെന്റ് |
| 5. കൃഷിക്കുപയുക്തമായ ഭൂമി | 2335 ഏക്കർ 88 സെന്റ് |

വിളക്രമം പരിശോധിക്കുകയാണെങ്കിൽ താഴ്വര ഉൾപ്പെടുന്ന ഭാഗത്ത് നെൽകൃഷിയാണ് പ്രധാനം. മറ്റ് എല്ലാ ഭൂപ്രദേശങ്ങളിലും ഏതാണ്ട് എല്ലാ മൺതരങ്ങളിലുമായി കാണപ്പെടുന്ന മുഖ്യവിള തെങ്ങുതന്നെയാണ്. നീർവാർച്ചയുള്ള ചരൽകലർന്ന ചെമ്മൺ പ്രദേശങ്ങളിൽ തെങ്ങിനു പുറമേ മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും; മരച്ചീനി, വാഴ, ചേമ്പ്, ചേന തുടങ്ങിയ ഇടവിളകളും കൃഷിചെയ്തുവരുന്നു. ചെറിയ കുന്നിൻപ്രദേശങ്ങളിലും സമതലപ്രദേശത്തും നേരത്തേ സൂചിപ്പിച്ച ഇടവിളകൃഷി കാണുന്നുണ്ട്. തീരസമതലത്തിൽ പൂവരശ്, വേലിപ്പരുത്തി, ചാട്ടമരം മുതലായവയും അങ്ങിങ്ങായി കാണപ്പെടുന്നു.

## 1.6. ജൈവസമ്പത്ത്

1.5 ഭാഗത്ത് സൂചിപ്പിച്ച വിളകൾ, വൃക്ഷങ്ങൾ, പടർപ്പുകൾ എന്നിവയ്ക്കുപരിയായി പഞ്ചായത്തിന്റേതുമാത്രമായ സവിശേഷമായൊരു സസ്യസമ്പത്ത് സൂചിപ്പിക്കാൻ കഴിയില്ല. ഏതെങ്കിലും അപൂർവ്വ ഇന മൃഗസമ്പത്തും ഈ പഞ്ചായത്തുപ്രദേശത്ത് പ്രത്യേകമായില്ല.

## 1.7. മനുഷ്യവിഭവം

1991-ലെ കാനേഷുമാരി പ്രകാരം നമ്മുടെ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 29627 ആണ്. 5635 കുടുംബങ്ങളിലായി കഴിഞ്ഞുവരുന്ന മൊത്തം ആളുകളിൽ 14042 പുരുഷന്മാരും 15585 സ്ത്രീകളും ആണ്. അതിൽ 1996 ആൺകുട്ടികളും 1948 പെൺകുട്ടികളും ബാക്കിയുള്ള 3944 പേർ ആറുവയസ്സിനു താഴെ പ്രായമുള്ളവരാണ്. (13.3%) സംസ്ഥാന സൂചികയിൽ ഉള്ളതുപോലെ നമ്മുടെ പഞ്ചായത്തിലും സ്ത്രീകൾതന്നെയാണ് എണ്ണത്തിൽ മുൻപന്തിയിൽ നിൽക്കുന്നത്. അതായത് പഞ്ചായത്തിലെ സ്ത്രീപുരുഷ അനുപാതം 1109 ആണ്. പഞ്ചായത്തിന്റെ ജനസാന്ദ്രത 2726 ആണ്. ജനസാന്ദ്രതയുടെ ഇന്ത്യൻ ശരാശരി 256-ഉം കേരള ശരാശരി 749-ഉം ആണ്. വിവിധ തൊഴിൽമേഖലയിൽ പണിയെടുക്കുന്നവരുടെ പട്ടികപരിശോധിച്ചാൽ 10578 പേർ തൊഴിലുള്ളവരും ബാക്കിയുള്ള 18461 പേർ തൊഴിലില്ലാത്തവരോ തൊഴിൽ ചെയ്യാത്തവരോ ആണ്.

അതായത് മൊത്തം ജനസംഖ്യയിൽ 62.3% പേരുടെ മനുഷ്യശക്തി പാഴായിപ്പോകുന്നു. ഇതിൽ 13.3% വരുന്ന ആറുവയസ്സിനു താഴെയുള്ള കുട്ടികളേയും ഏതാണ്ട് 5% വരുന്ന 60 വയസ്സിനു മേലുള്ളവരേയും ഒഴിച്ചാൽ പാഴായിപ്പോകുന്ന മനുഷ്യശക്തി ജനസംഖ്യയുടെ 44% വരും. വ്യക്തമാക്കുന്ന 1991-ലെ കനേഷുമാരി കണക്കുകൾ പട്ടിക

ജനസംഖ്യ 1991

| ജനസംഖ്യ | | | പട്ടികജാതി പട്ടികവർഗ്ഗം | | | ആറുവയസ്സിനു താഴെ | | | സാക്ഷരർ എണ്ണം | | |
|---|---|---|---|---|---|---|---|---|---|---|---|
| പുരു: | സ്ത്രീ. | ആകെ. | പുരു: | സ്ത്രീ | ആകെ | ആൺ | പെൺ | ആകെ | പുരു: | സ്ത്രീ | ആകെ |
| 14842 | 15585 | 29627 | 2080 | 2256 | 4336 | 1996 | 1948 | 3944 | 10824 | 11131 | 21955 |

**തൊഴിലുള്ളവരും ഇല്ലാത്തവരും 1991**

| തൈഴിലുള്ളവർ | | | ഭാഗികമായി തൊഴിലുള്ളവർ | | | തൊഴിൽ ഇല്ലാത്തവർ | | |
|---|---|---|---|---|---|---|---|---|
| പുരു: | സ്ത്രീ | ആകെ | പുരു: | സ്ത്രീ | ആകെ | പുരു: | സ്ത്രീ | ആകെ |
| 6388 | 4190 | 10578 | 211 | 377 | 588 | 7443 | 11018 | 18461 |

അവലംബം: 1991-ലെ കാനേഷുമാരി

## 1.6 പാരിസ്ഥിതിക അവലോകനം

പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ഒഴുകുന്ന പ്രധാന ജലസ്രോതസ്സായ വാമനപുരം ആറ്റിലെ അനിയന്ത്രിതമായ മണലൂറ്റുകാരണം പുഴയുടെ താഴ്ച കൂടുകയും ജലവിതരണം കുറയുകയും ചെയ്യുന്നതുകൊണ്ട് പുഴയിലേക്ക് ഉപ്പുവെള്ളം കടന്നുകയറുന്നു. ഇക്കാരണത്താൽ സമീപപ്രദേശത്തുള്ള കിണറുകളിൽ ജലവിതാനം താഴുകയും, ഓര്, ഉപ്പുവെള്ളം എന്നിവ കടന്നുകയറുന്നതായി അനുഭവപ്പെടുന്നു. കോട്ടപ്പുറം കുന്നിന്റെ കിഴക്കുവശം ചരിവ് കൂടുതൽ ഉള്ളതിനാൽ മണ്ണൊലിപ്പുള്ളതായി കാണുന്നു.

മേൽ കടയ്ക്കാവൂരിലെ പഴഞ്ചിറ പുനരുദ്ധാരണം നടത്തിയ അവസരത്തിൽ പൂർവ്വികർ നിക്ഷേപിച്ചിരുന്ന നീറ്റുകക്ക വാരിമാറ്റുകയും അതുമൂലം ചിറയിലെ വെള്ളവും പരിസരപ്രദേശത്തുള്ള കിണറിലെ വെള്ളവും ഓരുകലർന്നതായിത്തീരുകയും ചിറയിലെ വെള്ളം ജലസേചനത്തിനുപയോഗിക്കുന്ന പാടങ്ങളിൽ കൃഷിനാശം സംഭവിക്കുന്നതായും കണ്ടുവരുന്നു.

വലിയചിറയിലെ തെക്കുഭാഗം പൊഴിയിടൽമൂലവും വേലിയേറ്റം വേലിയിറക്കം മൂലവും ഉപ്പുശല്യത്തിനു വിധേയമാകുന്നു. കരുന്താകുളത്തിനു സമീപമുള്ള നീർവാർച്ച കുറവുള്ള കളിമൺ പ്രദേശത്തിലെ ജീവജാലവൈവിദ്ധ്യം സംരക്ഷിക്കപ്പെടണം.

വലിയചിറയിലെ ജലസേചനത്തിനായി ഉപയോഗപ്പെടുത്തുന്ന ശാർക്കര ആറിന്റെ കിഴക്കേകര പല ഭാഗത്തും ദുർബലമായിട്ടുള്ളതായി കാണുന്നു. സ്ഥലവാസികൾതന്നെ മണ്ണെടുക്കുന്നതുമൂലവും മറ്റുകാര്യങ്ങൾക്കായി ആറ്റുബണ്ട് ഉപയോഗിക്കുന്നതുമൂലം വെള്ളപ്പൊക്കസമയത്ത് വൻ കൃഷിനാശം സംഭവിക്കുന്നതിനും ജലസേചനത്തിനുള്ള തൂമ്പുകൾ പ്രവർത്തനരഹിതമാക്കുന്നതിനും ഈ കരയോടു നിർമ്മിച്ചിരിക്കുന്ന വീടുകൾക്ക് നാശംസംഭവിക്കുന്നതിനും സാദ്ധ്യത ഏറെയാണ്.

പുതുക്കരിഭാഗത്ത് അശാസ്ത്രീയമായ വയൽനികഴ്ത്തൽ മൂലം ഇടത്തോടുകൾ നികഴ്ത്തപ്പെടുകയും ജലനിർഗമന മാർഗ്ഗങ്ങൾ തടസ്സപ്പെടുത്തുകയും ചെയ്യതിനാൽ നീർകെട്ടിനിന്ന് തദ്ദേശവാസികൾക്ക് ഉപദ്രവകരമായിത്തീരുകയും ഓര് ശല്യം കൃഷിയെ ബാധിക്കുകയും ചെയ്യുവരുന്നുണ്ട്.

അരയതുരുത്തി ലക്ഷംവീട് കോളനിക്ക് പടിഞ്ഞാറുവശം കായലിലും പുളിമൂട്ട്കടവിൽ വാമനപുരം ആറിലും ശാർക്കര ആറ്റിൽ കട്ടയ്ക്കാൽ-ഈഞ്ചക്കൽ കടവുകൾക്കും ഇടയിലും പെരുമാതുറയിലും ജലാശയങ്ങൾ കയ്യേറ്റവും അനധികൃത നികഴ്ത്തലും നടത്തിയിട്ടുള്ളതായി കാണുന്നു.

മുതലപ്പൊഴി മൂടുന്ന അവസരത്തിൽ അടിക്കടി വെള്ളപ്പൊക്കമുണ്ടായി ദുരിതങ്ങൾ ഉണ്ടാകുന്നു. 12-ാംവാർഡിൽ രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്നുണ്ട്.

# കൃഷി, ജലസേചനം



## കാർഷിക ചരിത്രം

ഒരു കാർഷികഗ്രാമമായിരുന്ന ചിറയിൻകീഴ് പരോക്ഷമായ ജന്മിത്വത്തിലധിഷ്ഠിതമായി നെല്ലും, നാളീകേരവും സമൃദ്ധമായി കൃഷിചെയ്തിരുന്നു. മേൽ കടയ്ക്കാവൂർ, പുതുക്കരി, ഈഞ്ചക്കൽ, ചന്തിരത്ത് വാടയിൽ തുടങ്ങിയ പ്രദേശങ്ങളിൽ നെല്ലും; മറ്റുപ്രദേശങ്ങളിൽ നാളീകേരവുമായിരുന്നു ഉല്പന്നങ്ങൾ. ചതുപ്പു കൃഷിനിലങ്ങളായിരുന്നു ഇവയെല്ലാംതന്നെ ജലദൗർലഭ്യം നേരിട്ടിരുന്ന മേൽ കടയ്ക്കാവൂർ പാടങ്ങൾക്ക് പഴഞ്ചിറ പദ്ധതിയിലൂടെ ജലമെത്തിച്ചു. ഇന്ന് ഈ പദ്ധതി പ്രായോഗികമല്ലെങ്കിലും കാർഷികാഭിവൃത്തിയുടെ സ്മാരകമായി പഴഞ്ചിറ നിലനിൽക്കുന്നു. ഈഞ്ചയ്ക്കൽ, പുതുക്കരി, ചന്തിരം തുടങ്ങിയ വയലുകൾക്ക് ശാർക്കര ആറിൽനിന്നും ജലമെത്തിച്ചു.

ഭൂസ്വത്തുക്കളിലധികവും പുതുവിള, പള്ളിവിളാകം, പാലവിള, അടീക്കലം, കണ്ണങ്കര, ഇളംകുളം വലിയനീളം, തുണ്ടത്തിൽ തുടങ്ങിയ തറവാട്ടുവകയായിരുന്നു. കൃഷിയിറക്കുന്നത് കുടിയാന്മാർ എന്നപേരിൽ അറിയപ്പെട്ടിരുന്ന സാധാരണ കർഷകർ ആയിരുന്നു. അശാസ്ത്രീയമായ കൃഷിസമ്പ്രദായങ്ങളും, പഴഞ്ചൻ സാങ്കേതികവിദ്യയും ഉപയോഗിക്കുകമൂലം വിളവ് തുലോം തുച്ഛമായിരുന്നു. ഉല്പാദനത്തിന്റെ പകുതി പാട്ടമായി നിശ്ചയിച്ചിരുന്നു.

പഴയകാലങ്ങളിൽ നെൽകൃഷിക്ക് ജൈവവളങ്ങളായ ചാണകം, പച്ചില, ചാരം മുതലായവയാണ് ഉപയോഗിച്ചുവന്നിരുന്നത്. കീടനാശിനികളായ വേപ്പിൻകഷായം മത്സ്യകഷായം, ചിലന്തിവലകൾ എന്നിവ ഉപയോഗിച്ചുവന്നിരുന്നു. മഴയെമാത്രം ആശ്രയിച്ചുള്ള കൃഷിരീതികളാണ് ഇക്കാലത്ത് സ്വീകരിച്ചിരുന്നത്. സാർവ്വത്രികമായ ശാസ്ത്രീയ മണ്ണുപരിശോധനയുടെ അഭാവം ശാസ്ത്രീയമായ വളപ്രയോഗം അസാദ്ധ്യമാക്കിയിരുന്നു.

### നെൽകൃഷി

നെൽകൃഷിയുടെ വിവരങ്ങൾ പട്ടിക 2(1) കാണുക.

**പട്ടിക 2(1)**

| നമ്പർ | വിള | വിസ്തീർണ്ണം ഹെക്ടറിൽ | മൊത്ത ഉല്പാദനം | ഉല്പാദന ക്ഷമത ഹെക്ടറിൽ |
|---|---|---|---|---|
| 1. | നെല്ല് -1 | 50 | 130 ടൺ | 2600 Kg. |
| 2. | നെല്ല് -2 | 65 | 140 ടൺ | 2200 Kg. |
| 3. | നെല്ല് -3 | ഇല്ല | ഇല്ല | ഇല്ല |

അവലംബം: കൃഷിഭവൻ

വിളപരിവർത്തനരീതികൾ മുൻകാലങ്ങളിൽ നടത്തിവന്നത് ഇപ്പോഴില്ല. നെൽകൃഷിക്കുശേഷം വയലുകൾ പലപ്പോഴും തരിശിടുകയാണ് പതിവ്. ജലസേചനത്തിന്റെ അഭാവമാണ് കൃഷിഭൂമി തരിശിടുവാൻ കാരണം. ജലസേചനത്തിനുള്ള ഈ പഞ്ചായത്തിലെ ഏറ്റവും വലിയ കുളം മേൽ കടയ്ക്കാവൂർ പഴഞ്ചിറ ഏലയുടെ തലകുളമായി ഇന്ന് സ്ഥിതിചെയ്യുന്നു.1970-72 കാലഘട്ടത്തിൽ സർക്കാർ ആഭിമുഖ്യത്തിൽ സംരക്ഷിക്കുകയും രണ്ട് പമ്പ്ഹൗസുകൾ സ്ഥാപിക്കുകയും ചെയ്തു. എന്നാൽ ചിറ വെട്ടി ആഴംകൂട്ടിയസമയത്ത് ഈ ചിറയിൽ നൂറ്റാണ്ടുകൾക്കുമുമ്പ് ഓരുതടയാൻവേണ്ടി നിക്ഷേപിച്ചിരുന്ന ടൺകണക്കിന് "വാട്ടുകക്ക" വാരിമാറ്റുകയും തന്മൂലം ചിറയിലെ വെള്ളത്തിലും പരിസരപ്രദേശത്തെ നെൽപ്പാടങ്ങളിലും, കിണറുകളിലും

ഓര് കണ്ടുതുടങ്ങി. ഇക്കാരണത്താൽ ഞാറു നട്ടാൽ അടുത്തദിവസംതന്നെ ഞാറുകൾ ചുവക്കുകയും വളർച്ച മുരടിക്കുകയും ചെയ്യുന്നു. കൂടാതെ ആ പ്രദേശത്തെ കിണറുകളിലും, തോടുകളിലും ഓരിന്റെ ഉറവ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. എന്നാൽ ഈഞ്ചയ്ക്കലിൽ പൊഴി മൂടുന്നസമയത്ത് ഉപ്പുവെള്ളം കയറുന്നതുമൂലവും മഴക്കാലത്ത് ശാർക്കര ആറിന്റെ ബണ്ടുകൾ പൊട്ടിയും കൃഷിനാശം സംഭവിക്കുന്നത് പതിവായിത്തീർന്നിരിക്കുകയാണ്.

ഈ നൂറ്റാണ്ടിന്റെ ആദ്യപകുതികളിൽ നെല്ലുല്പാദനം ക്രമമായി കുറയുകയും, ജനസംഖ്യവർദ്ധനവും തെങ്ങുകൃഷിയിലുണ്ടായ അമിത താല്പര്യവും പാടങ്ങൾ നികഴ്ത്തി തെങ്ങിൻതോപ്പുകളാക്കുന്നതിന് കർഷകരെ പ്രോത്സാഹിപ്പിച്ചു. ഇങ്ങനെ, പുതക്കരി, ചന്തിരം തുടങ്ങിയ പ്രദേശങ്ങളിൽ നെൽകൃഷി പൂർണ്ണമായും അപ്രത്യക്ഷമായി.

മുൻ കാലങ്ങളിൽ മാടുകളെയാണ് കാർഷികവൃത്തിക്ക് ഉപയോഗിച്ചിരുന്നത്. ചേറാടി, വെള്ളമുണ്ടകൻ, തവളക്കണ്ണൻ, ഞവര, ഓവുമുണ്ടൻ എന്നീ വിത്തിനങ്ങളാണ് കൃഷിചെയ്തിരുന്നത്. തെങ്ങിന് നാടൻ വിത്തുകളും ഉപയോഗിച്ചിരുന്നു.

ആധുനിക കാർഷിക രീതികളായ യന്ത്രവത്കരണം അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ, കീടനാശിനികളുടെ ഉപയോഗം ജലസേചന സൗകര്യങ്ങൾ മുതലായവയാണ് നെല്ലുല്പാദനത്തിൽ സാരമായ വർദ്ധനവിന് കാരണം. വളങ്ങളുടേയും, കീടനാശിനികളുടേയും ഉപയോഗം പട്ടിക 2 (2)-ൽ കാണുക.

**പട്ടിക 2 (2)**

| ക്രമ | വർഷം | രാസവളം ടൺ | കീടനാശിനി ദ്രവം ലിറ്റർ | കീടനാശിനി ഖരം കി. ഗ്രാം |
|---|---|---|---|---|
| 1. | 93-94 | 64.55 | 74 | 687 |
| 2. | 94-95 | 67 | 80 | 724 |
| 3. | 95-96 | 78 | 99 | 752 |

നെൽകൃഷിക്ക് പ്രധാനമായും തണ്ടുതുരപ്പൻപുഴു, ഓലചുരുട്ടിപ്പുഴു, ചാഴി മുതലായ കീടങ്ങളുടെ ആക്രമണം വ്യാപകമായി ഉണ്ടാകാറുണ്ട്. എലിശല്യം കാർഷികരംഗത്ത് പ്രധാന വെല്ലുവിളിയാണ്. നെല്ലോലയുടെ അഗ്രം ചീയൽ ഞാറ് മുഴുവനായി കരിഞ്ഞുപോകൽ തുടങ്ങിയവയും ഉപ്പുവെള്ളഭീഷണിയുമാണ് നെൽകൃഷിയുടെ വെല്ലുവിളികൾ.

## തെങ്ങ് കൃഷി

ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട കൃഷി തെങ്ങുകൃഷിയാണ്. ബഹുഭൂരിപക്ഷംപേരും വീട്ടുവളപ്പിലാണ് കൃഷിനടത്തുന്നത്. എന്നാൽ തോട്ടങ്ങളും ഉണ്ട്. നെൽകൃഷിക്കുണ്ടായ വരുമാനക്കുറവുകാരണം തെങ്ങുകൃഷിയിലേക്കുള്ള മാറ്റം പലഭാഗത്തും ദൃശ്യമാണ്. പൊതുവിൽ പറഞ്ഞാൽ തെങ്ങുകൃഷിയിൽനിന്നും കൂടുതൽ ആദായമുണ്ടാക്കുന്നതിനുവേണ്ടി ജലസേചനസൗകര്യങ്ങൾ വളരെ കുറച്ചുമാത്രമേ ഉപയോഗപ്പെടുത്തിക്കാണുന്നുള്ളൂ. കൃഷിഭൂമിയുടെ തുണ്ടുവത്കരണം ഇതിനൊരു കാരണമാണ്. കൂടുതൽ ഭൂമിയിൽ കൃഷിചെയ്യുന്ന കർഷകർ മാത്രമേ ജലസേചനസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളൂ.

ചെറിയ തുണ്ടുഭൂമികളിൽ കൃഷിചെയ്തുവരുന്നവർ നാടൻ ഇനത്തിലുള്ള തെങ്ങുതന്നെയാണ് കൃഷിചെയ്തുവരുന്നത്. ഇവർ നേരിയതോതിൽ സങ്കര ഇനം ഉപയോഗിക്കുന്നുവെങ്കിലും നടീൽവസ്തു തെരഞ്ഞെടുക്കുന്നതിൽ ശ്രദ്ധവയ്ക്കുന്നത് കൂടുതൽ ഭൂവിസ്തൃതിയിലും, തോട്ടംരീതിയിലും കൃഷിചെയ്യുന്ന കർഷകർമാത്രമാണ്. വളപ്രയോഗത്തിലും ശാസ്ത്രീയത പുലർത്തിക്കാണുന്നില്ല. കൃത്യമായ മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗമല്ല തുടർന്നുവരുന്നത്. വേണ്ടുന്ന സമയങ്ങളിൽ മരുന്നുതളിക്കലും വ്യാപകമായി ഉണ്ടാകുന്നില്ല. തെങ്ങുകൃഷിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിലേക്ക് ബോധപൂർവ്വമായ ഇടവിളകൃഷികൾ ചെയ്യാറില്ല. പൊതുവേ പറഞ്ഞാൽ ശ്രദ്ധയോടെയും ശാസ്ത്രീയമായുമുള്ള പരിചരണത്തിന്റെ അഭാവം കാണുന്നുണ്ട്. തെങ്ങിന് കണ്ടുതുടങ്ങിയ വ്യാപകമായ രോഗങ്ങൾ ചെറിയ കർഷകർക്ക് ഈ കൃഷിയിലുള്ള താല്പര്യം കുറയ്ക്കുന്നുണ്ട്. രോഗങ്ങൾ വ്യാപകമായതോടെ ഉല്പാദനക്ഷമതയിൽ വലിയ കുറവുവരാൻതുടങ്ങി. കുറഞ്ഞ ഉല്പാദനക്ഷമത മത്രമല്ല നാളീകേരത്തിനു ലഭിക്കുന്ന കുറഞ്ഞ വിലയും കൃഷിക്കാരന് ഈ കൃഷിയിലുള്ള താല്പര്യം കുറച്ചുവരികയാണ്. അതിനാൽ ഈ പ്രതിസന്ധി തരണംചെയ്ത് തെങ്ങുകൃഷി ആദായകരമാക്കാനുള്ള പരിപാടികൾ ആസൂത്രണംചെയ്യണം.

കൃഷിഭവൻ രേഖകൾ അനുസരിച്ചുള്ള തെങ്ങുകൃഷിയുടേയും ഉല്പാദനത്തിന്റേയും വിവരങ്ങൾ പട്ടിക 2(3) കാണുക

**പട്ടിക 2 (3)**

| വർഷം | വിസ്തീർണ്ണം ഹെക്ടറിൽ | ആകെ ഉല്പാദിപ്പിച്ചത് എണ്ണം |
|---|---|---|
| 92-93 | 465 | 24,76,125 |
| 93-94 | 472 | 24,76,125 |
| 94-95 | 483 | 24,76,125 |

പഞ്ചായത്തിലെ കേരകൃഷി ശക്തമായ വിളനാശത്തെ അഭിമുഖീകരിക്കുകയാണ്. റൂട്ട് വിൽറ്റ് (വേരുചീയൽ) ലീഫ് റോട്ട് (ഓല ചീയൽ) ബട്ട് മൂട്ട് (കൂമ്പ് അടയൽ) സ്റ്റമ്പ് ബ്ലിസിംഗ് (ചെന്നീർ ഒലിപ്പ്) മുതലായവയാണ് ഇവയ്ക്കുണ്ടാകുന്ന രോഗങ്ങൾ. രോഗബാധിത വിവരം പട്ടിക 2 (4) കാണുക.

**പട്ടിക 2 (4)**

| വിസ്തീർണ്ണം ഹെക്ടർ | ആകെ തെങ്ങ് | രോഗം ബാധിച്ചവ |
|---|---|---|
| 483 | 19,16,37 | 32,200 |

സ്വകാര്യ വ്യക്തികളേയും ചിറയിൻകീഴ് സർവ്വീസ് സഹകരണ ബാങ്കിനേയുമാണ് കേരകർഷകർ നാളീകേര വിപണനത്തിനും ആശ്രയിക്കുന്നത്.

ഏകദേശം അറുപത്തിയഞ്ചു ശതമാനം (65%) ജനങ്ങളും കൃഷി ആശ്രയിച്ച് ജീവിക്കുന്നവരാണ്. ബഹുഭൂരിപക്ഷംപേർക്കും കൃഷി ഒരു ഉപവരുമാനമാർഗ്ഗമാണ്. കൃഷിയിൽനിന്നും കിട്ടുന്ന വരുമാനംകൊണ്ട് ജീവിക്കാൻ കഴിയാത്ത ഒരു സാഹചര്യമാണ് അവരെ മറ്റ് തൊഴിലുകൾ ചെയ്യാൻ പ്രേരിപ്പിച്ചത്.

## കാർഷിക ഉപകരണങ്ങൾ

ഈ പഞ്ചായത്തിൽ നെൽപ്പാടങ്ങളിൽ ഉഴവിനുവേണ്ടി 100 ജോടി ഉഴവുമാടുകളുണ്ടായിരുന്നത് ഇന്ന് 10 ജോടിയായി ചുരുങ്ങി. പഴഞ്ചിറ ഗ്രൂപ്പ് ഫാമിംഗ് സമിതിക്ക് ഒരു പവ്വർ ടില്ലർ ഉണ്ട്. വലിയചിറ പാടശേഖരത്തിൽ ടില്ലറോ, ട്രാക്ടറോ ഇറങ്ങുന്നതിന് വഴിസൗകര്യം ഇല്ല. കീടനാശിനി തളിക്കുന്നതിനുവേണ്ടി റോക് സ്പ്രേയറുകൾ "21" എണ്ണവും നാപ്സ്റ്റക് സ്പ്രേയറുകൾ 29 എണ്ണവുമുണ്ട്. ഒരു നെല്ലുമെതി യന്ത്രം പഴഞ്ചിറ ഗ്രൂപ്പ് ഫാമിംഗ് സമിതിയിൽ ഉണ്ടെങ്കിലും അത് ഉപയോഗിച്ചുവരുന്നതായി അറിവില്ല." 2" തെങ്ങുകയറ്റ യന്ത്രങ്ങൾ ഈ പ്രദേശത്ത് വിതരണം ചെയ്തിട്ടുണ്ട്.

## ഇടവിളകൾ

ഈ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വ്യാപകമല്ലാതെ ഇടവിളകൾ കൃഷിചെയ്തുവരുന്നു. മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ, നനകിഴങ്ങ് തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളും പ്ലാവ്, പുളി, കടപ്ലാവ്, സപ്പോട്ട, പപ്പായ തുടങ്ങിയ ഫലവൃക്ഷങ്ങളും; പയർ, ഉഴുന്ന് തുടങ്ങിയ ധാന്യങ്ങളും; ഇഞ്ചി, കുരുമുളക് തുടങ്ങിയ സുഗന്ധദ്രവ്യങ്ങളും; കച്ചോലം, ആടലോടകം,. ജാതി, ഗ്രാംപൂ തുടങ്ങിയ ഔഷധ സസ്യങ്ങളും; വെണ്ട, ചീര, പാവൽ, കത്തിരിക്കായ്, പടവലം, വെള്ളരി, മുളക് തുടങ്ങിയ പച്ചക്കറികളും കവുങ്ങും അങ്ങിങ്ങു കൃഷിചെയ്തുവരുന്നു.

മേല്പറഞ്ഞ വിളകളെല്ലാംതന്നെ ഈ പഞ്ചായത്തിൽ ആവശ്യമുള്ളതിന്റെ 2% പോലും ആകുന്നില്ല.

## ജലസേചനം

ഈ പഞ്ചായത്തിൽ ജലസേചനസൗകര്യങ്ങളുടെ അപര്യാപ്തത വളരെയാണ്. പഴഞ്ചിറ കുളത്തിലെ ജലം പല തോടുകളിൽക്കൂടി ഭാഗികമായി ഉപയോഗിക്കുന്നു. ജലസേചനവകുപ്പിന്റെ പ്രവർത്തനങ്ങളൊന്നും ഈ പഞ്ചായത്തിലില്ല- കട്ടയ്ക്കലാറ്, നാറയ്ക്കൽ തോട് എന്നിവ വലിയചിറ ഏലായിലെ തോടുകളാണ്. തെങ്ങുകൃഷി പരിപോഷിപ്പിക്കുന്നതിനും പൊതുവേ ജലസേചനസൗകര്യങ്ങൾ ഉപയോഗപ്പെടുത്തികാണുന്നില്ല.

## കൂലിനിരക്ക്

കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുകയാണ്. വിദ്യാഭ്യാസനിലവാരത്തിൽവന്ന മാറ്റങ്ങൾ കൃഷിയോടുള്ള ആഭിമുഖ്യക്കുറവ്, മറ്റ് തൊഴിൽമേഖലകളിലെ ഉയർന്ന കൂലിനിരക്ക് എന്നിവയെല്ലാം ഇതിന്റെ കാരണങ്ങളാണ്.

കൃഷിപ്പണി മാത്രം ഉപജീവനമായി കാണുന്ന തൊഴിലാളികൾ വളരെ കുറവാണ്. തൊഴിലാളികളുടെ ശരാശരി


ASK
ദീപിക



കൂലിനിരക്ക് പുരുഷന് 90-രൂപയും സ്ത്രീയ്ക്ക് 60-രൂപയു മാണ്. കാർഷികമേഖലയിലെ കൂലിനിരക്ക് പട്ടിക 2 (5)-ൽ കൊടുക്കുന്നു.

**പട്ടിക 2 (5)**

| വർഷം | പുരുഷൻ | സ്ത്രീ |
|---|---|---|
| 93-94 | 60 | 40 |
| 93-94 | 75 | 50 |
| 93-94 | 90 | 60 |

## കാർഷിക വായ്പ

കിളിമാനൂർ ഭൂപണയബാങ്ക് കർഷകർക്കാവശ്യമുള്ള വായ്പകൾ നൽകിവരുന്നു.

## കുളങ്ങൾ

ഈ പഞ്ചായത്തിൽ പ്രധാനമായും രണ്ട് കുളങ്ങളാണുള്ളത്. പഴഞ്ചിറ കുളവും ആൽത്തറമൂട് കുളവും. ഇവ കാർഷികാവശ്യത്തിനു അനുയോജ്യമല്ല.

## മണ്ണും ജലസംരക്ഷണവും

ഈ പഞ്ചായത്തിൽ നാല് കുന്നിൻപ്രദേശമാണ് നിലവിലുള്ളത്. ഈ കുന്നിൻപ്രദേശങ്ങളിൽ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയവ ശാസ്ത്രീയമായി നടത്തിയിട്ടില്ല. മഴക്കാലങ്ങളിൽ കിട്ടുന്ന ജലം ഭൂഗർഭജലമാക്കി മാറ്റാനുള്ള നടപടികളും ഇതുവരേയും സ്വീകരിച്ചിട്ടില്ല. അതുപോലെ താഴ്ന്ന പ്രദേശങ്ങൾ മണ്ണിട്ട് ഉയർത്തി കൃഷിയോഗ്യമാക്കാൻ ഇതുവരേയും കഴിഞ്ഞിട്ടില്ല.

## പ്രശ്നങ്ങൾ

1. തുണ്ടുഭൂമികളിൽ ലാഭകരമായി കൃഷിചെയ്യുവാൻ സാധിക്കുന്നില്ല
2. നെൽകൃഷി നഷ്ടത്തിലാണ്
3. ഓരുവെള്ളവും ഉപ്പുവെള്ളവും കൃഷി നഷ്ടത്തിലാക്കുന്നു.
4. അത്യുല്പാദന രോഗപ്രതിരോധശക്തിയുള്ള വിത്തുകളും, തൈകളും ലഭിക്കുന്നില്ല
5. ഉല്പാദനവുമായി തട്ടിച്ചുനോക്കുമ്പോൾ കർഷകതൊഴിലാളികളുടെ കൂലിനിരക്ക് കൂടുതലാണ്
6. തൊഴിലാളികളുടെ സേവനനിലവാരം കുറഞ്ഞുവരുന്നു
7. ജൈവവളങ്ങളുടേയും, ജീവാണുവളങ്ങളുടേയും ഉപയോഗം കുറവാണ്. കിട്ടാനില്ല
8. കാർഷികയന്ത്രങ്ങൾ വേണ്ടത്ര ലഭ്യമല്ല
9. ജലസേചന സൗകര്യങ്ങൾ വളരെ പ[illegible]തമാണ്. മഴയെ ആശ്രയിച്ചാണ് കൃഷിചെയ്യുന്നത്
10. കൃഷി മുഖ്യതൊഴിലായി സ്വീകരിച്ചവർ കുറവാണ്. ഇത് ഉല്പാദനക്ഷമത കുറയ്ക്കുന്നു
11. ചില രോഗങ്ങൾ വ്യാപകമായി കണ്ടുവരുന്നു. ഉദാഹരണത്തിന് തെങ്ങിൽ ചെന്നീർ ഒലിപ്പ്, ഓലചീയൽ, കൂമ്പുചീയൽ (കാറ്റുവീഴ്ച)
12. നെൽകൃഷിക്ക് കീടബാധ
13. പച്ചില വേലികൾ മതിലുകൾക്ക് വഴിമാറുന്നു. പാടങ്ങളിൽ ജൈവവളപ്രയോഗം കുറഞ്ഞുവരുന്നു
14. നെൽപ്പാടങ്ങളും തോടുകളും വ്യാപകമായി നികഴ്ത്തപ്പെടുന്നു
15. നീരുറവകൾ സംരക്ഷിക്കപ്പെടുന്നില്ല
16. ഉല്പാദനച്ചെലവിൽ വന്ന വർദ്ധനവ്, ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തത് മുതലായവ കൃഷിയെ ബാധിക്കുന്നു
17. വിദഗ്ദ്ധ ഉപദേശങ്ങൾ നൽകേണ്ട കൃഷിഭവന്റെ പ്രവർത്തനം തൃപ്തികരമല്ല
18. ഭാഗികമായി മണ്ണ്-ജലനഷ്ടം ഉണ്ടാകുന്നു. താഴ്ന്ന പ്രദേശങ്ങളിൽ പ്രത്യേകിച്ച് പട്ടികജാതി കോളനികളിലും സാമ്പത്തിക മേഖലയിൽ പിന്നോക്കംനിൽക്കുന്ന ജനവിഭാഗങ്ങൾ താമസിക്കുന്ന സ്ഥലങ്ങളിലും കൃഷിചെയ്യാൻ കഴിയുന്നില്ല
19. പച്ചക്കറികൃഷി വളരെ കുറവാണ്
20. വാഴ, ചേന, ചേമ്പ് തുടങ്ങിയ കൃഷി കുറവാണ്
21. ഇഞ്ചി, കുരുമുളക് തുടങ്ങിയ സുഗന്ധദ്രവ്യങ്ങളുടെ കൃഷി വളരെ കുറവാണ്
22. കച്ചോലം, ജാതി, ഗ്രാംപൂ, മഞ്ഞൾ മുതലായ ഔഷധസസ്യങ്ങളുടെ കൃഷി വളരെ കുറവാണ്
23. കുറ്റിമുല്ല, ഓർക്കിഡ്, ആന്തൂറിയം മുതലായ പുഷ്പകൃഷി വളരെ കുറവാണ്

24. കൂൺകൃഷി ഈ പഞ്ചായത്തുപ്രദേശത്തില്ല
25. തെങ്ങിന്റെ കുറഞ്ഞ ഉല്പാദനക്ഷമത

## സാദ്ധ്യതകൾ

1. കൂട്ടുകൃഷി സമ്പ്രദായം.
2. കൃഷിയിടങ്ങളിൽ ഉപ്പുവെള്ളം കയറാതിരിക്കുവാനുള്ള നടപടി സ്വീകരിക്കൽ.
3. പഴഞ്ചിറ ഏലായിലെ ഓരുജല ഉറവപ്രശ്നം പരിഹരിക്കുന്നതിന് പഠനവും പ്രവർത്തനവും.
4. അത്യുല്പാദന രോഗപ്രതിരോധ വിത്തുകളും തൈകളും ലഭ്യമാക്കൽ.
5. പഞ്ചായത്ത് പ്രദേശത്തുള്ള വ്യാപകമായ മണ്ണുപരിശോധനയും അനുസൃത വളപ്രയോഗാസൂത്രണവും.
6. ജൈവവളങ്ങളുടേയും ജീവാണുവളങ്ങളുടേയും രാസവളങ്ങളുടേയും ലഭ്യത വർദ്ധിപ്പിക്കുകയും സബ്സിഡി നിരക്ക് പുനഃപരിശോധനയും.
7. കീടനാശിനി പ്രയോഗം ശാസ്ത്രീയപഠനം
8. നാടൻ കീടനാശിനികളുടെ പ്രചരണം.
9. കാർഷികയന്ത്രങ്ങളുടെ വിതരണം.
10. കാർഷിക വികസനസമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
11. കുളങ്ങളും, തോടുകളും പുഴയോരങ്ങളും സംരക്ഷിക്കുക.
12. നിലവിലുള്ള പഴഞ്ചിറ കുളത്തിലെ ജലചോർച്ച തടയുകയും, പമ്പുകൾ പ്രവർത്തനക്ഷമമാക്കുകയോ പുതുതായി സ്ഥാപിക്കുകയോ ചെയ്യുക. ആറിൽച്ചേരുന്ന ഭാഗത്ത് ചീർപ്പ് റെഗുലേറ്റർ സ്ഥാപിക്കുക.
13. പഞ്ചായത്തുപ്രദേശത്തെ എല്ലാ തോടുകളിലേയും ചീർപ്പുകൾ അറ്റകുറ്റപ്പണിനടത്തി കാര്യക്ഷമമാക്കൽ.
14. വലിയചിറ ഏലായിലെ നീർവാർച്ച നിലനിർത്തുന്നതിന് കട്ടയ്ക്കലാറിന് ആവശ്യമായ സ്ഥലങ്ങളിൽ ചെക്ക് ഡാം നിർമ്മിക്കൽ. പാർശ്വഭിത്തികൾ സംരക്ഷണം
15. മഞ്ചാടിമൂട് റെഗുലേറ്റർ പുനരുദ്ധാരണം.
16. മേൽ കടയ്ക്കാവൂർ തോട്ടഴികം അണയിൽ ചീർപ്പ് നിർമ്മിക്കണം.
17. കർഷകർക്ക് ആധുനിക കൃഷിരീതികളിൽ പരിശീലനം.
18. പഞ്ചായത്തുപ്രദേശത്ത് "എലിനശീകരണ" പ്രവർത്തനങ്ങൾ
19. എല്ലാ നീരുറവകളും സംരക്ഷിക്കൽ.
20. വിള ഇൻഷ്വറൻസ് വ്യാപനം. വ്യാപക രോഗങ്ങൾ കൊണ്ടുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് നൽകുക.
21. അത്യാവശ്യപ്രദേശങ്ങളിൽ മണ്ണ്-ജലസംരക്ഷണ പ്രവർത്തനം നടപ്പിലാക്കൽ.
22. പച്ചക്കറികൃഷികേന്ദ്രങ്ങൾ പ്രോത്സാഹിപ്പിക്കലും, പച്ചക്കറികൃഷി വ്യാപനവും.
23. വീട്ടുവളപ്പിൽ വാഴകൃഷി വ്യാപനപരിപാടി
24. തെങ്ങുകൃഷിക്ക് പ്രത്യേക വികസന പരിപാലന പദ്ധതി.
25. ഇടവിളകൃഷികളായ, ഇഞ്ചി, കുരുമുളക്, കച്ചോലം, ജാതി, ഗ്രാമ്പു, മഞ്ഞൾ, പയറുവർഗ്ഗങ്ങൾ എന്നിവയുടെ വ്യാപനപരിപാടി.
26. പൂകൃഷി, കൂൺകൃഷി പരിശീലന വ്യാപനപരിപാടികൾ.
27. കാർഷികവിള വിപണനസൗകര്യങ്ങളുടെ ശൃംഖല രൂപീകരിക്കണം.
28. കൃഷിഭവന്റെ പ്രവർത്തനം പുനഃസംഘടിപ്പിക്കുക.
29. പൊതുമേഖലാസ്ഥാപനമായ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെയും ആഗ്രോമിഷനറിയുടെയും സേവനം കൂടുതൽ അടുത്തായി ലഭ്യമാക്കുക.
30. മുതലപ്പൊഴി അഴിയാക്കുക.
31. തിരുവാംകോടിയിൽ കൃഷിക്ക് വെള്ളം കൊണ്ടുപോകുന്ന തോട് പുനരുദ്ധരിക്കുക.

# മൃഗസംരക്ഷണം, മത്സ്യബന്ധനം



## മൃഗസംരക്ഷണം

കൃഷി മുഖ്യ ഉപജീവനമാർഗ്ഗമാക്കിയ ചിറയിൻകീഴ് പഞ്ചായത്തിൽ മൃഗസംരക്ഷണത്തിനുള്ള സാദ്ധ്യത വളരെ വലുതാണ്. എന്നാൽ 1996 ലൈവ് സ്റ്റോക്ക് സെൻസസ്

| ഇനം | ആകെ |
|---|---|
| കാള | 8 |
| പശുക്കൾ (കറവ ഉള്ളത്) | 508 |
| പശുക്കൾ (കറവ ഇല്ലാത്തത്) | 299 |
| എരുമ (കറവ ഉള്ളത്) | 40 |
| എരുമ (കറവ ഇല്ലാത്തത്) | 19 |
| ആട് | 622 |
| പട്ടി | 678 |
| പൂവൻകോഴി | 407 |
| പിടക്കോഴി (മുട്ട) | 1452 |
| പിടക്കോഴി (മുട്ട ഇല്ലാത്തത്) | 457 |
| പോത്ത് | 2 |
| താറാവ് (ആൺ) | 50 |
| താറാവ് (പെൺ) | 154 |
| മറ്റുള്ളവ | 6 |

അവലംബം: മൃഗാശുപത്രി

കാണിക്കുന്നത് ഈ പഞ്ചായത്തിൽ 807 പശുക്കളും 59,എരുമകളും, 622 ആടുകളും മാത്രമേ ക്ഷീരോല്പാദനം ലഭ്യമാക്കി വളർത്തുന്നുള്ളൂ. എന്നാണ് അതായത് ഏതാണ്ട് 20% വീടുകളിൽ മാത്രമേ കന്നുകാലികൾ ഉള്ളൂ. എന്നാൽ 1987-ലെ ലൈവ് സ്റ്റോക്ക് സെൻസസ് അനുസരിച്ച് പഞ്ചായത്തിൽ 1970 പശുക്കളും, 128 എരുമകളും ഉണ്ടായിരുന്നു. രണ്ടോ അതിലധികമോ പശുക്കളെ വളർത്തുന്നവർ പഞ്ചായത്തിൽ വളരെ ചുരുക്കമാണ്. മാതൃകാ ഡയറി ഫാമുകൾ ഒന്നുംതന്നെ ഇല്ല.

1996-ലെ മൃഗസമ്പത്തിന്റെ പട്ടിക 3 (1)-ൽ കൊടുക്കുന്നു.

ഇതിൽനിന്നും മനസ്സിലാക്കുന്നത് മൃഗസംരക്ഷണമേഖല പഞ്ചായത്തിന്റെ സമ്പത്‌വ്യവസ്ഥയെ സംബന്ധിച്ച് അപ്രധാനമായിക്കൊണ്ടിരിക്കുന്നു എന്നാണ്.

നമ്മുടെ പഞ്ചായത്തിൽ രണ്ടു മൃഗാശുപത്രികളും ഒരു ഊർജ്ജിത കന്നുകാലിവികസന ഉപകേന്ദ്രവും രണ്ട് ക്ഷീര വ്യവസായ സഹകരണ സംഘങ്ങളും ഒരു ഡയറി എക്സ്റ്റൻഷൻ ഓഫീസും 3, 4, 7 വാർഡുകളിൽ സ്വകാര്യ ഇറച്ചിക്കോഴി വളർത്തൽകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. രണ്ട് ക്ഷീരസംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്.

ബീജസങ്കലനം, മൃഗചികിത്സ എന്നിവയിൽ കർഷകർ വളരെ പ്രബുദ്ധരാണ്. അതുകൊണ്ടുതന്നെ പഞ്ചായത്തിൽ ഇപ്പോഴുള്ള എല്ലാ പശുക്കളും സങ്കരഇനങ്ങളാണ്. എങ്കിലും കറവമാടുകളുടെ തിരഞ്ഞെടുക്കൽ, സംരക്ഷിച്ചുവളർത്തൽ, ഉല്പന്നങ്ങളുടെ വിപണനം എന്നിവയിൽ ഇപ്പോഴും പഴയ യന്ത്രങ്ങൾതന്നെയാണ്.

തെക്കേ ഇന്ത്യയിൽ പ്രചാരമുള്ള എല്ലാ കാലിത്തീറ്റകളും കമ്പനിഡീലർഷിപ്പുവഴി പഞ്ചായത്തിൽ നേരിട്ടു ലഭ്യമാണ്. എന്നാൽ കർഷകരിൽ ഭൂരിഭാഗവും തീറ്റകച്ചവടക്കാർക്ക് കടക്കാരാണ്. പാൽവില്പന ഇപ്പോഴും ക്ഷീരസംഘങ്ങളിലെ വില്പനക്കാരുടെയും മറ്റു പാൽ കച്ചവടക്കാരുടേയും ദാക്ഷിണ്യത്തിലാണ്. കർഷകർ ഉല്പാദിപ്പിക്കുന്ന പാലിന്റെ വില നിശ്ചയിക്കുന്നതും ഇവരാണ്. കൂടാതെ കറവമാടുകളെ വാങ്ങൽ വിൽക്കൽ എന്നിവ ഇടനിലക്കാർമുഖേനയാണ് നടക്കുന്നത്. ഇതുമൂലവും കർഷകൻ വഞ്ചിക്കപ്പെടുന്നു.

കറവക്കാർ ഭൂരിപക്ഷവും അന്യസംസ്ഥാനക്കാരാണ്. അവർ ഏതാണ്ട് സംഘടിതരാണ്. അതുമൂലം കറവയുടെ ഗുണനിലവാരം കുറയുകയും കൂലി കറവക്കാരുടെ ഇഷ്ടത്തിന് തീരുമാനിക്കുകയും ചെയ്യുന്നു.





മൃഗചികിത്സ കർഷകർക്കു വളരെ ചിലവുള്ളതായി മാറിയിരിക്കുന്നു. അതിനു പ്രധാന കാരണങ്ങൾ മൃഗാശുപത്രികളിൽ മരുന്നുകളുടെ അഭാവവും,ചികിത്സക്കാരെ തൊഴുത്തിലുകളിൽ എത്തിക്കേണ്ടിവരുന്നതുമൂലവും ആണ്. ഇൻഷ്വറൻസ് സംവിധാനങ്ങളുടെ അപര്യാപ്തതകളും ആകർഷണീയങ്ങൾ അല്ലാത്തതും മറ്റൊരു ബുദ്ധിമുട്ടാണ്.

മുൻകാലങ്ങളെ അപേക്ഷിച്ച് ശരാശരി പാൽ ഉല്പാദനം വർദ്ധിച്ചിട്ടുണ്ട്. പാൽ ഉപഭോഗവും വളരെ വർദ്ധിച്ചിട്ടുണ്ട്. മിൽമയുടെ മൂന്ന് ഏജൻസികളിൽകൂടി ഒരുവർഷം ഏകദേശം ഒരുകോടി രൂപയ്ക്കോളം ഉള്ള പാൽ നമ്മുടെ പ്രദേശത്ത് വിൽക്കുന്നുണ്ട്. കൂടാതെ സമീപപഞ്ചായത്തുകളിൽനിന്നും ധാരാളം പാൽകച്ചവടക്കാർ നമ്മുടെ പഞ്ചായത്തിൽ പാൽ കച്ചവടം നടത്തുന്നുണ്ട്. പാൽപ്പൊടി ഉൾപ്പെടെയുള്ള പാൽ ഉല്പന്നങ്ങൾ മുന്തിയ അളവിൽ നമ്മുടെ പഞ്ചായത്തിൽ വിൽക്കുന്നുണ്ട്.

വളരെയധികം ജലാശയങ്ങൾ ഉള്ള ഈ പഞ്ചായത്തിൽ എരുമ വളർത്താൻ കൂടുതൽ സാദ്ധ്യതയുള്ളതാണ്. എന്നാൽ വളരെ കുറച്ച് എരുമകളെയാണ് വളർത്തുന്നത്.

കാലിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് കൈവശഭൂമി കുറവാണ്. അതുകൊണ്ട് പുൽകൃഷിക്ക് സാദ്ധ്യത കുറയുന്നു. കൂടാതെ കാലിത്തീറ്റകളുടെ അമിതമായ വിലയും പാൽ ഉല്പാദനച്ചിലവ് വർദ്ധിപ്പിക്കുന്നു. ഇത് മുൻകാലങ്ങളെ അപേക്ഷിച്ച് കാലിവളർത്തൽ കുറയാൻ കാരണമായി ലാഭനഷ്ട സാദ്ധ്യതകൾ കണക്കിലെടുക്കാതെ ദൈനംദിന കുടുംബ വരുമാനത്തിൽനിന്നും അല്പം തുക മാറ്റിവച്ചാണ് പലരും ആടിനെ വളർത്തുന്നത്. അത്യാവശ്യം വരുമ്പോൾ അതിനെ വിറ്റ് ആവശ്യം നടത്തുന്ന ഒരു രീതിയാണ് കർഷകർക്കുള്ളത്. ആടും, മാടും വളർത്തുന്നത് പ്രധാനമായും വീട്ടമ്മമാരുടെ ഒരു ഉപതൊഴിലാണ്.

മുട്ടക്കോഴിവളർത്തൽ വീട്ടുമുറ്റത്തുമാത്രം ഒതുങ്ങിനിൽക്കുന്നു. വർഷംതോറും കുറെ കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയും സ്വന്തമായി വിരിപ്പിച്ചും വളർത്തുന്നു. അതിൽ കുറെയേറെ മുട്ടിയിടുന്നതിനു മുമ്പുതന്നെ ചത്തുപോകുന്നു. ജീവിക്കുന്നവ കാര്യമായി മുട്ടയിടുകയും, കുറെകഴിഞ്ഞ് ചത്തുപോവുകയും ചെയ്യുന്നു. വീണ്ടും കുഞ്ഞുങ്ങളെ വാങ്ങി വളർത്തുന്ന ഒരു രീതിയാണ് നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ളത്. 93-94-ലും 94-95-ലും പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങളിൽനിന്നും ഏതാണ്ട് 4000 ത്തോളം മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വിതരണംചെയ്തിരുന്നു. മറ്റ് സ്വകാര്യസ്ഥാപനങ്ങളിൽനിന്നും പാരമ്പര്യരീതികളിലും കോഴിക്കുഞ്ഞുങ്ങൾ ലഭിച്ചിട്ടുണ്ട്. എന്നാൽ 96-ലെ കണക്കനുസരിച്ച് 2000 പിടക്കോഴികളേ അവശേഷിക്കുന്നുള്ളൂ.

പഞ്ചായത്തുപ്രദേശത്ത് മുട്ടയുടെ ഉപഭോഗം വളരെ കൂടുതലാണ്. മുട്ട ഉല്പാദനകേന്ദ്രങ്ങൾ ഒന്നുംതന്നെ നിലവിലില്ല. തമിഴ്നാട്ടിൽനിന്നും കൊണ്ടുവരുന്ന മുട്ടയുടെ സ്വകാര്യ വിപണന കേന്ദ്രം പഞ്ചായത്തിൽ ഉണ്ട്. പ്രതിദിനം 15000 മുട്ട ഈ കേന്ദ്രത്തിൽമാത്രം ചിലവുണ്ട്.

ഇറച്ചിക്കോഴികളെ ലാഭകരമായി വളർത്തി വിൽക്കുന്ന മൂന്ന് സ്വകാര്യസ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. എന്നിട്ടും പലപ്പോഴും കോഴിയിറച്ചി ലഭിക്കാത്ത സാഹചര്യം ഉണ്ട്. കോഴിക്കുഞ്ഞുങ്ങൾ, തീറ്റ എന്നിവ ഉല്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ ഇല്ല.

താറാവുകൃഷി നമ്മുടെ പഞ്ചായത്തിൽ കുറവാണ്. അങ്ങിങ്ങായി ചില വീടുകളിൽമാത്രം താറാവിനെ വളർത്തുന്നു. മുയൽ, പന്നി, കാട മുതലായ ഇന്തുജന്യ ഭക്ഷ്യസാധനങ്ങളുടെ ഉല്പാദനം നമ്മുടെ പഞ്ചായത്തിൽ ഇല്ല. എന്നാൽ ഇറച്ചിയുടെ വില്പന വൻതോതിൽ നടക്കുന്ന പ്രദേശമാണ് നമ്മുടെ ഗ്രാമം.

ബാങ്കുകൾ, സഹകരണസ്ഥാപനങ്ങൾ സർക്കാർ സ്ഥാപനങ്ങൾ എന്നിവ മൃഗസംരക്ഷണമേഖലയിൽ മുടക്കുന്ന ധനസഹായം പദ്ധതികൾക്ക് ആവശ്യത്തിന് തികയുന്നില്ല. മാത്രമല്ല നടപടിക്രമങ്ങളിലുള്ള ബുദ്ധിമുട്ടുകൾമൂലം യഥാർത്ഥ പ്രയോജകർക്ക് ഈ സ്ഥാപനങ്ങൾ ആകർഷണീയങ്ങൾ അല്ല.

ഈ പശ്ചാത്തലത്തിൽ നമ്മുടെ ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞുവന്ന മൃഗസംരക്ഷണപ്രശ്നങ്ങളെ പട്ടികപ്പെടുത്തുന്നു.

1. പാൽവില്പന നാലാംവാർഡിലൊഴികെ ബുദ്ധിമുട്ടിലാണ്.
2. മൃഗചികിത്സയ്ക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
3. കന്നുകുട്ടികളെ വളർത്താൻ നിർവ്വാഹമില്ല.
4. കാലിത്തീറ്റ വിലവർദ്ധന പ്രയാസമുണ്ടാക്കുന്നു.
5. കന്നുകാലി, ആട്, താറാവ്, കോഴി, കാട മുതലായവ വളർത്താൻ ധനം, സാങ്കേതികവിദ്യ, ആരംഭ ഉരുക്കളുടെ ലഭ്യതയിലുള്ള ബുദ്ധിമുട്ട്.
6. മൃഗങ്ങളുടെ ഇൻഷ്വറൻസ് പ്രയാസങ്ങൾ.
7. വ്യാപകമായ പേപ്പട്ടിശല്യം.

## ഗ്രാമസഭകളിൽ ഉയർന്നുവന്ന പരിഹാരനിർദ്ദേശങ്ങൾ

1. എല്ലാ വാർഡുകളിലും പാൽ സൊസൈറ്റികൾ ഉണ്ടാക്കണം(നാലാം വാർഡൊഴികെ)
2. 2, 5 വാർഡുകൾ ഒഴികെ മറ്റു വാർഡുകളിൽ മൃഗാശുപത്രികളോ, ഉപകേന്ദ്രങ്ങളോ ആരംഭിക്കണം
3. കന്നുകുട്ടികൾക്ക് സൗജന്യമായി തീറ്റ വിതരണംചെയ്യണം
4. കാലിത്തീറ്റയുടെ വില നിയന്ത്രിക്കണം
5. ഉപതൊഴിലായി പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നവർക്ക് ഷെഡ്നിർമ്മാണം, ആരംഭ ഉരുക്കളെ വാങ്ങൽ, ഉല്പാദന വിപണനം എന്നീ മേഖലകളിൽ ഉചിതമായ സൗജന്യങ്ങളും (ഗ്രാന്റ് സബ്സിഡി) സഹായങ്ങളും (ലോൺ) ഏർപ്പെടുത്തണം.
6. പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദനം മുഖ്യ തൊഴിലാക്കാൻ പറ്റിയ ആദായകരമായ പദ്ധതികൾ എല്ലാപ്രദേശത്തും ആസൂത്രണംചെയ്ത് നടപ്പാക്കണം.

### അനുമാനം:

ഇന്തു ജന്യ ഭക്ഷണശീലം കൂടുതലായുള്ള ജനതയാണ് ഈ പഞ്ചായത്തിലുള്ളത്. ജന്തു ജന്യ ഭക്ഷ്യോല്പാദനത്തിന് ആവശ്യമായ വിദ്യാഭ്യാസമുള്ള മനുഷ്യശേഷി, ഭൂമി, ജലം, വൈദ്യുതി എന്നിവ ലഭ്യമായ നമ്മുടെ പഞ്ചായത്തിൽ ആധുനിക സാങ്കേതികവിദ്യ ലഭ്യമാക്കാൻ പറ്റിയ രണ്ട് മൃഗസംരക്ഷണകേന്ദ്രങ്ങളും, ഒരു ക്ഷീരവികസനയൂണിറ്റും ഉണ്ട്. പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദന വിപണനമേഖല നിലവിലുള്ള വീട്ടമ്മമാരുടെ ഉപതൊഴിൽ എന്നനിലയിൽ സംരക്ഷിക്കുന്നതോടൊപ്പം, മുഖ്യ വരുമാനംതരുന്ന അഭ്യസ്ഥവിദ്യരുടെ അന്തസ്സുള്ള തൊഴിലായി രൂപാന്തരപ്പെടുത്തണം. അത് ഇവയെ അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായങ്ങൾക്ക് കാരണമാകും.

## ഉപതൊഴിൽ എന്നനിലയിൽ മൃഗമേഖല സംരക്ഷിക്കാൻ

1. നിലവിലുള്ള ക്ഷീരസംഘങ്ങൾ ശക്തിപ്പെടുത്തുന്നതോടൊപ്പം പഞ്ചായത്തിലെ 3, 6, 9, 10, 11, 12 എന്നീ വാർഡുകളിൽ യുക്തമായ ഒരു സ്ഥലത്ത് APCOS മോഡൽ പാൽ സംഭരണസംഘം ആരംഭിക്കുക, മറ്റു വാർഡുകളിൽ ഈ സംഘത്തിന്റെ സംഭരണകേന്ദ്രങ്ങൾ ആവശ്യാനുസരണം ഇറക്കേണ്ടതുമാണ്.
2. നിലവിലുള്ള മൃഗാശുപത്രികളിൽ കൂടുതൽ മരുന്നുകൾ ലഭിക്കുന്നതിനുള്ള പ്രവർത്തനവും, മൃഗചികിത്സ വീടുകളിൽ സൗജന്യമായി ലഭിക്കുന്നതിന് ഒരു സഞ്ചരിക്കുന്ന മൃഗാശുപത്രി ആരംഭിക്കുന്നതിനും, ആയത് ഉടനെ സാദ്ധ്യമല്ലെങ്കിൽ റിട്ടയർചെയ്ത മൃഗഡോക്ടർമാരുടെ സേവനം അടിയന്തിരമായി ഏർപ്പെടുത്തണം. നിലവിലുള്ള മൃഗാശുപത്രികളിൽ ടെലഫോൺ സൗകര്യം ഏർപ്പെടുത്തുന്നത് സേവനം കൂടുതൽ മെച്ചപ്പെടുത്താൻ സഹായകമാകും.
3. കൃഷിക്കാരുടെ വരുമാനപരിധി നോക്കാതെ എല്ലാ കന്നുകുട്ടികൾക്കും സൗജന്യ തീറ്റവിതരണം ചെയ്യുക.
4. എല്ലാ കന്നുകാലികൾക്കും സൗജന്യ ഇൻഷ്വറൻസ് ഏർപ്പെടുത്തണം. പ്രീമിയം ഗ്രാമപഞ്ചായത്ത് അടയ്ക്കണം.
5. വീട്ടാവശ്യത്തിന് മുട്ട ലഭിക്കുന്നതിന് 10 മുട്ടക്കോഴികളുടെ യൂണിറ്റ് 10, താറാവിന്റെ യൂണിറ്റ് 40 കാടകളുടെ യൂണിറ്റ് എന്നിങ്ങനെയുള്ള ഫാം യൂണിറ്റുകൾ കൂടുകളോടുകൂടി ലാഭനഷ്ടമില്ലാത്തരീതിയിൽ വിതരണംചെയ്യുവാൻ ഒരു പ്രാദേശികസംവിധാനം ഉണ്ടാക്കണം. സാങ്കേതിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആസൂത്രണംചെയ്തു നടപ്പിലാക്കേണ്ട ഈ പദ്ധതി 100% ഫലം ഉളവാക്കുന്നവയായിരിക്കും. നഷ്ടസാദ്ധ്യതയ്ക്കെതിരെ പരിരക്ഷ ഉണ്ടായിരിക്കേണ്ടതുമാണ്.
6. കാലിത്തീറ്റനിർമ്മിക്കുന്നതിന് "ഒരു കാലിത്തീറ്റനിർമ്മാണശാല" പഞ്ചായത്തുതലത്തിൽ ആരംഭിക്കുകയും പുൽകൃഷിവർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്യുക.
7. പേവിഷ നിർമ്മാർജ്ജനത്തിന് വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബ്ബന്ധമാക്കുകയും, പ്രതിരോധകുത്തിവയ്പ്പ് സാർവ്വത്രികമാക്കുകയും ചെയ്യുക. അലഞ്ഞുതിരിയുന്ന തെരുവുനായ്ക്കളെ കൊന്നൊടുക്കുവാൻ പഞ്ചായത്തിൽനിന്നും അടിയന്തിര നടപടിയെടുക്കണം.
8. ശുദ്ധമായ മാംസം ലഭ്യമാക്കുന്നതിന് കശാപ്പ് ഉരുക്കളുടെ മാംസപരിശോധന നിർബ്ബന്ധമാക്കണം.
9. തൊഴിലില്ലായ്മ പരിഹരിക്കുവാനുള്ള എളുപ്പമാർഗ്ഗമായി അഭ്യസ്ഥവിദ്യർക്ക് മാതൃക ഡെയറി ഫാം യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകണം.

10. കന്നുകാലിവളർത്തലിന് ശാസ്ത്രീയമായരീതിയിൽ "കാലിതൊഴുത്ത്" നിർമ്മിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കണം.
11. ഇടത്തരം ചെറുകിടകർഷകർക്കും,കർഷകതൊഴിലാളികൾക്കും ഒരു ഉപതൊഴിലായി കാലിവളർത്താൻ കറവമാടുകളെ സൗജന്യമായി നൽകണം.
12. ക്ഷീരവികസന വിജ്ഞാന വ്യാപനപ്രവർത്തനങ്ങൾ, കന്നുകാലി പ്രദർശനം ഇവ സംഘടിപ്പിക്കണം.
13. കന്നുകാലിവളർത്തലിലെ പ്രധാന ചെലവായ "തീറ്റചെലവ്" കുറയ്ക്കുവാൻ കാലിത്തീറ്റ സബ്സിഡി ക്ഷീരസംഘങ്ങൾവഴി നൽകണം.

## 2. മത്സ്യബന്ധനം

കടൽ, കായൽ, നദികൾ, തോടുകൾ, കുളങ്ങൾ, മറ്റു ജലാശയങ്ങൾ എന്നിവകൊണ്ട് സമ്പന്നമാണ് ചിറയിൻകീഴ് ഗ്രാമം. 6, 12 വാർഡുകളിലായി ഏതാണ്ട് നാലേകാൽ കിലോമീറ്റർ നീളത്തിൽ കടൽത്തീരമുണ്ട്.

1, 2, 3, 4, 6, 7 എന്നീ വാർഡുകളിലൂടെ വാമനപുരം നദിയും 5, 6, 7, 8, 9, 10 എന്നീ വാർഡുകളിലൂടെ ശാർക്കരനദിയും അഞ്ചുതെങ്ങ് കായലിലെത്തി കഠിനംകുളം കായലുമായി ചേർന്ന് 12, 6 വാർഡുകളിലായി സ്ഥിതിചെയ്യുന്ന മുതലപ്പൊഴി വഴി കടലിൽ ചേരുന്നു.

3, 4, 6, 7, 8, 9, 10 എന്നീ വാർഡുകളിലെല്ലാം ചെറിയ തോടുകളും കുളങ്ങളുമുണ്ട് 6-ാം വാർഡിൽ 550 കുടുംബങ്ങളും 10-ാം വർഡിൽ 110 കുടുംബങ്ങളും, 11-ാം വാർഡിൽ 300 കുടുംബങ്ങളും 12-ാം വാർഡിൽ 500 കുടുംബങ്ങളും ഉൾപ്പെടെ ഗ്രാമത്തിലെ 1460 കുടുംബങ്ങൾ മത്സ്യബന്ധനം മുഖ്യ വരുമാനമാർഗ്ഗമായി സ്വീകരിച്ചിരിക്കുന്നു.

പുരുഷന്മാർ മത്സ്യബന്ധനത്തിനും സ്ത്രീകൾ മത്സ്യവിപണനത്തിനും വീടുവിട്ടുപോകുന്ന ഇവരുടെ ഗൃഹാന്തരീക്ഷം വളരെ പരിതാപകരമാണ്. വാസയോഗ്യമല്ലാത്ത കുടിലുകളിലാണ് കൂടുതൽപേരും താമസം. കുടിവെള്ളം ലഭ്യമല്ലാത്ത ഭൂപ്രദേശമാകയാൽ പൈപ്പുവെള്ളത്തെയാണ് ആശ്രയിക്കുന്നത്. ഭവനരഹിതരും, സ്വന്തമായി ഭൂമി ഇല്ലാത്തവരുമാണ് അധികംപേരും. കടൽക്കരയിലും, ആറ്റുതീരങ്ങളിലും, തോട്ടുവിളുമ്പുകളിലുമായി താമസിക്കുന്നതിനാൽ പ്രകൃതിക്ഷോഭങ്ങൾക്ക് ഇവർ ഇരയാകുന്നു. ഇവരുടെ കുട്ടികൾ വിദ്യാഭ്യാസത്തിലും പിന്നോക്കമാണ്. മത്സ്യബന്ധനമേഖലയിൽ ഗതാഗതസൗകര്യം കുറവാണ്.

ചൂര, വേള, നെൻമീൻ, കണമ്പ്, അയല, വാള, കരിമീൻ, ചെമ്മീൻ, കണവ, നെത്തോലി തുടങ്ങി എല്ലായിനം മത്സ്യങ്ങളും ഇവിടെ ലഭ്യമാണ്. പട്ടണപ്രദേശവാസികളെ ആകർഷിക്കുന്ന കായൽമത്സ്യങ്ങളും ഇവിടെ ലഭ്യമാണ്. ജൂൺ, ജൂലൈ മാസങ്ങളിൽ പൊതുവെ മത്സ്യലഭ്യത കുറവാണ്. ഗ്രാമത്തിലുള്ള രണ്ട് മത്സ്യവിപണനകേന്ദ്രങ്ങളും, മത്സ്യബന്ധനമേഖലക്കുപുറത്താണ്.

തൊഴിലാളികളിൽ ബഹുഭൂരിപക്ഷത്തിനും ആധുനിക മത്സ്യബന്ധനരീതികളും ഉപകരണവും ലഭ്യമല്ല. മത്സ്യസംസ്കരണവും ഇല്ല. ശുദ്ധജല മത്സ്യകൃഷി നമ്മുടെ ഗ്രാമത്തിലില്ല. ഇത്തരം മത്സ്യകൃഷിക്ക് താത്പര്യമുള്ളവർ ഗ്രാമത്തിൽ ഏറെയുണ്ട്.

ഈ പശ്ചാത്തലത്തിൽ ഗ്രാമസഭകളിൽ ഉയർന്നുവന്ന മത്സ്യബന്ധനമേഖലയിലെ പ്രശ്നങ്ങൾ പട്ടികപ്പെടുത്താം.

1. വർഷത്തിൽ നാലുമാസത്തോളം മുതലപ്പൊഴി മൂടിക്കിടക്കുന്നതിനാൽ തൊണ്ടിന്റെ കറ, ജലാശയത്തിൽ വ്യാപിക്കുകയും ഇത് വൻതോതിൽ മത്സ്യനാശത്തിന് ഇടവരുത്തുകയും ചെയ്യുന്നു. വെള്ളപ്പൊക്കമുണ്ടാകുന്നതിനാൽ മത്സ്യത്തൊഴിലാളികൾ ഭവനരഹിതരാകുന്നു. കുടിവെള്ളത്തിനു ക്ഷാമം അനുഭവപ്പെടുന്നു. കായലുകളുടേയും, നദികളുടേയും കരഭാഗങ്ങൾ നിരത്തുന്നതിനാലും തൊണ്ടുതല്ല് യന്ത്രങ്ങളിൽനിന്നുമുള്ള ചേറ് നദികളിലേക്ക് ഒഴുകുന്നതിനാലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
2. ചില ഘട്ടങ്ങളിൽ മത്സ്യത്തിന്റെ ലഭ്യത കുറയുന്നു
3. അധികമായിട്ടുള്ള മത്സ്യങ്ങളും, രാത്രികാലങ്ങളിൽകിട്ടുന്ന മത്സ്യങ്ങളും കേടുകൂടാതെ സൂക്ഷിക്കാനുള്ള സംവിധാനങ്ങൾ ഗ്രാമത്തിലില്ല.
4. മത്സ്യത്തൊഴിലാളികൾക്കുള്ള പെൻഷൻ പ്രായപരിധി കൂടുതലും, പെൻഷൻ തുക കുറവുമാണ്.
5. മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിനുള്ള തുക 35000 രൂപ അപര്യാപ്തമാണ്. പുറംപോക്കിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പട്ടയം ലഭിച്ചിട്ടില്ല.
6. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ വിദ്യാഭ്യാസരംഗത്ത് വളരെ പിന്നിലാണ്.
7. മത്സ്യബന്ധനമേഖലയിൽ ശരിയായ ഗതാഗതസൗക

ര്യങ്ങൾ ഒട്ടുംതന്നെയില്ല.

8. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള ലംസംഗ്രാന്റ് വളരെ കുറവാണ്.

## ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ട പരിഹാരങ്ങൾ

1. മുതലപ്പൊഴി എത്രയുംവേഗം അഴിയാക്കുക.
2. 10, 11, 12 എന്നീ വാർഡുകളിൽ മത്സ്യബന്ധന വിപണനസംഘങ്ങളും, മത്സ്യത്തൊഴിലാളിക്ഷേമസംഘങ്ങളും ആരംഭിക്കണം.
3. 6-ാം വാർഡിൽ ഒരു മത്സ്യഭവൻ സ്ഥാപിക്കണം.
4. ഭവനരഹിതരും, ഭൂരഹിതരുമായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും, ഭവനവും ലഭ്യമാക്കാൻ വേണ്ട സംവിധാനം നൽകണം.
5. എല്ലാ മത്സ്യബന്ധനമേഖലയിൽനിന്നും മത്സ്യഫെഡിന്റെ വിപണനവാഹനം പുറപ്പെടാൻ ഏർപ്പാടുണ്ടാക്കണം.
6. മത്സ്യം വളർത്താൻ പരിശീലനവും സാമ്പത്തികസഹായവും നൽകുക.
7. വിദേശരാജ്യങ്ങൾക്ക് ഇന്ത്യൻ കടലിൽ ട്രോളിംഗ് നടത്തുന്നതിന് നൽകിയ ലൈസൻസ് റദ്ദാക്കണം.
8. നമ്മുടെ ഗ്രാമത്തിൽ ഒരു ഫിഷറീസ് ടെക്നിക്കൽ സ്കൂൾ സ്ഥാപിക്കുക.
9. മത്സ്യബന്ധനത്തൊഴിലാളികളെ സൊസൈറ്റികളുടെ നിയന്ത്രണത്തിൽ ഗ്രൂപ്പുകളായി തരംതിരിച്ച് ആധുനിക യന്ത്രോപകരണങ്ങൾ ഉപയോഗിച്ച് പരിശീലനം നൽകണം.
10. പഞ്ചായത്തിലെ കടലോരത്ത് കടൽഭിത്തികൾ ശക്തിപ്പെടുത്തുക.
11. മത്സ്യമേഖലയിൽ ഒരു മാവേലിസ്റ്റോർ അനുവദിക്കുക.
12. ഗ്രാമത്തിന്റെ നാനാ ഭാഗങ്ങളിലായികിടക്കുന്ന കുളങ്ങളിലും, ചതിപ്പുനിലങ്ങളിലും മത്സ്യംവളർത്തുന്നതിനുള്ള ശ്രമം ഉണ്ടാക്കണം. അതിന് അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് പരിശീലനംനൽകുകയും വേണം.
13. മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിനുള്ള സാമ്പത്തികസഹായം 50000 രൂപയായി ഉയർത്തുക. പെൻഷൻപ്രായം 58 ആയി നിജപ്പെടുത്തി പെൻഷൻ 150 രൂപയായി ഉയർത്തണം.

# വ്യവസായം



**വ്യാ**വസായികരംഗത്ത് നൂറ്റാണ്ടുകളുടെ ചരിത്രമാണ് ഈ ഗ്രാമത്തിനുള്ളത്. പരമ്പരാഗത വ്യവസായങ്ങളായ കയർ, കൊപ്ര എന്നിവ ചെറുകിട വ്യവസായങ്ങളായി നടത്തിയിരുന്നതിന് ചരിത്രരേഖകൾതന്നെയുണ്ട്. പതിനാറും, പതിനേഴും നൂറ്റാണ്ടുകളിൽ കേരളത്തിന്റെ വിദേശവാണിജ്യബന്ധത്തിൽ ചെറുതല്ലാത്ത സംഭാവനചെയ്യുന്നതിനും ഈ ഗ്രാമത്തിനു കഴിഞ്ഞിട്ടുണ്ട്. അന്നത്തെ പ്രധാന തുറമുഖങ്ങൾ കൊല്ലവും, കൊച്ചിയും,കോഴിക്കോടുമായിരുന്നു. ചെറിയ തുറമുഖങ്ങളിൽ പ്രഥമസ്ഥാനം ഈ ഗ്രാമത്തിന്റെ തൊട്ടടുത്ത പ്രദേശമായ അഞ്ചുതെങ്ങിനുണ്ടായിരുന്നു. നമ്മുടെ ഗ്രാമത്തിൽ ഉല്പാദിപ്പിച്ചിരുന്ന കയറും, കൊപ്രയും കായൽമാർഗ്ഗം അഞ്ചുതെങ്ങിലെത്തിച്ചാണ് വിപണനംനടത്തിയിരുന്നത്. ആ കാലഘട്ടത്തിൽതന്നെ അഞ്ചുതെങ്ങുകയറിന് വിദേശ കമ്പോളമുണ്ടായിരുന്നു. 1563 മുതൽ1581 വരെ ഈസ്റ്റിൻഡ്യനിൽ പര്യടനം നടത്തിയിട്ടുള്ള കൂട്ടത്തിൽ കേരളത്തിൽവന്ന സീസർ ഫ്രെഡെറിക് എന്ന വെനീഷ്യൽ വ്യാപാരി തന്റെ പര്യടനങ്ങളെ വിവരിക്കുന്ന രേഖയിൽ കയറിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. വലിയ കായുള്ള വൃക്ഷത്തിന്റെ തൊലികൊണ്ടുണ്ടാക്കിയതും, ചണത്തേക്കാൾ മേൽത്തരവുമായ കയറിൻകെട്ടുകൾ പോർട്ടുഗലിലേക്കു കയറ്റിക്കൊണ്ടുപോകുന്നതായി അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. ഈ ഗ്രാമത്തിന്റെ കയർവ്യവസായത്തിന് നൂറ്റാണ്ടുകളുടെ ചരിത്രമുണ്ടെന്ന് ഈ രേഖകൾ സൂചിപ്പിക്കുന്നു.

വ്യവസായരംഗത്ത് വളരെ പിന്നോക്കംനിൽക്കുന്നതാണ് നമ്മുടെ പഞ്ചായത്ത്. ഈ ഗ്രാമത്തിൽ ചെറുകിടവ്യവസായങ്ങളാണ് പ്രധാനം. കയർ, കൈത്തറി, കൊപ്ര എന്നിവയാണ് പ്രധാന വ്യവസായങ്ങൾ. കയർവ്യവസായത്തിൽ രണ്ടായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്നു. കൈത്തറിരംഗത്ത് മുന്നൂറുപേരും, കൊപ്ര വ്യവസായരംഗത്ത് മുന്നൂറുപേരും പണിചെയ്യുന്നുണ്ട്. മേൽപ്പറഞ്ഞ രംഗങ്ങളിലെ തൊഴിലാളികൾ അർദ്ധപട്ടിണിക്കാരാണ്. വിദ്യാഭ്യാസരംഗത്തും ഇവരുടെ നില വളരെ ശോചനീയമാണ്.

**കയർ**

കയർമേഖലയിൽ ആറു സഹകരണസംഘങ്ങൾ നിലവിലുണ്ട്. സ്വകാര്യമേഖലയിൽ കയർവ്യവസായം നടക്കുന്നുണ്ട്. വർഷങ്ങൾക്കുമുൻപ് കയർ വ്യവസായ സഹകരണസംഘങ്ങളിൽ ആയിരത്തിൽപ്പരം തൊഴിലാളികൾ പണിചെയ്തിരുന്നു. ഇപ്പോൾ നാലു കയർസംഘങ്ങളുടെ പ്രവർത്തനം നിലവിലില്ല. രണ്ടു കയർസംഘങ്ങളിലായി ഇരുനൂറോളം തൊഴിലാളികളാണ് പണിചെയ്തുവരുന്നത്. ബാക്കിവരുന്ന ആയിരത്തി എണ്ണൂറോളം തൊഴിലാളികൾ സ്വകാര്യകയർ ഉല്പാദനമേഖലയിൽ പണിചെയ്തുവരുന്നു.

കയർവ്യവസായം ഇന്നു താഴോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. മുപ്പതു വർഷങ്ങൾക്കുമുമ്പ് അറുപതുശതമാനത്തോളം ഉള്ള കുടുംബത്തിന്റേയും ഉപജീവനമാർഗ്ഗമായിരുന്നുവെങ്കിൽ ഈ വ്യവസായം ഇന്ന് കേവലം പത്തുശതമാനം കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗമായി ചുരുങ്ങിയിരിക്കുന്നു. മുൻകാലത്ത് വ്യാപകമായി കുടിൽവ്യവസായങ്ങളായാണ് ഇത് നടത്തിത്തരുന്നത്. ആ കാലഘട്ടത്ത് മറ്റു മേഖലയിലെ കൂലിപണിക്കാർക്കൊപ്പംതന്നെ ഈ മേഖലയിലെ തൊഴിലാളികൾക്കും കൂലിലഭിച്ചിരുന്നു. ഇതിലെ തൊഴിലാളിക്കിന്ന് ഇതരമേഖലയിൽ പണിയെടുക്കുകയാണെങ്കിൽ നൂറു രൂപയും അതിൽ കൂടുതലും കൂലി ലഭിക്കുന്നു. കയർപിരിതൊഴിലാളിക്ക് മുപ്പത്തി ഒന്ന് രൂപയും, റാട്ടുകറക്കുന്ന തൊഴിലാളിക്ക് ഇരുപത്തിമൂന്നുരൂപയുമാണ് കൂലി നിരക്ക്.




The Co-
Maveli

## കയർസഹകരണസംഘങ്ങൾ

പട്ടിക 4 (1)

| ക്രമ നമ്പർ | C.V.C.S No. | സൊസൈറ്റിയുടെ പേര് | അംഗങ്ങളുടെ എണ്ണം | തൊഴിലാളികളുടെഎണ്ണം | | നിലവിലുള്ള സ്ഥിതി |
|---|---|---|---|---|---|---|
| | | | | പുരു. | സ്ത്രീ | |
| 1. | 304 | ചിറയിൻകീഴ് കയർ വ്യവസായ സഹകരണസംഘം | 900 | – | – | പ്രവർത്തനം ഇല്ല |
| 2. | 623 | മേൽകടയ്ക്കാവൂർ സഹകരണസംഘം | 400 | 7 | 43 | പ്രവർത്തനം ഉണ്ട് |
| 3. | 708 | ആനത്തലവട്ടം കയർ വ്യവസായ സഹ. സംഘം | 670 | 25 | 125 | പ്രവർത്തനം ഉണ്ട് |
| 4. | 624 | പുതുക്കര കയർ വ്യവസായ സഹ. സംഘം | 630 | – | – | പ്രവർത്തനം ഇല്ല |
| 5. | 534 | കടകം കയർ വ്യവസായ സഹ. സംഘം | 570 | – | – | " |
| 6. | 308 | മഞ്ചാടിമൂട് കയർ വ്യവസായ സഹ. സംഘം. | 300 | – | – | " |

### പ്രശ്നങ്ങൾ

വ്യവസായ സഹകരണസംഘങ്ങൾ നിലച്ചതിന് പ്രധാന കാരണം സാമ്പത്തികമായ ബുദ്ധിമുട്ടുകളും, സ്വന്തമായി സ്ഥലമില്ലാത്തതും, തൊണ്ട്, ചകിരി എന്നിവയുടെ ലഭ്യതക്കുറവുമാണ്. സ്വകാര്യമേഖലയെ അപേക്ഷിച്ച് സേവനവേതനവ്യവസ്ഥകൾ സഹകരണമേഖലയിൽ താരതമ്യേന കൂടുതലാണ്. ഇത് ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കപ്പെടേണ്ടതാണ്. ഉല്പാദിപ്പിക്കുന്ന കയർ ഉല്പന്നങ്ങളുടെ കെട്ടിക്കിടപ്പ്, അപ്പക്സ് സംഘത്തിനു കൊടുക്കുന്ന കയറിൽ യഥാസമയം വില ലഭിക്കാതിരിക്കുക. ഉല്പാദനച്ചെലവിനനുസരണമായി വിലകിട്ടാതിരിക്കുക ഇത്തരം പ്രസ്തങ്ങൾ കയർമേഖലയുടെ തകർച്ചക്ക് കാരണമാണ്. ഇത് പരിഹരിക്കുന്നതിന് താഴെപറയുന്ന നിർദ്ദേശങ്ങൾ ഗുണകരമായിരിക്കും.

### പരിഹാരങ്ങൾ

1. മുൻകാലങ്ങളിൽ കയർമേഖലയിൽ നിലനിന്നിരുന്ന തൊണ്ടിന്റെ ലെവി സംവിധാനം പുനഃസ്ഥാപിക്കുക.
2. തൊഴിലാളികളെ ആധുനികവൽക്കരണത്തിന് അനുസരണമായി പരിശീലിപ്പിക്കുകയും, ഗുണമേന്മയുള്ള

കയർ ഉല്പാദിപ്പിക്കുകയും ചെയ്യുക.

3. പീഢിത കയർസംഘങ്ങളെ പുനരുജ്ജീവിപ്പിക്കുക.
4. ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ അധിക സാമ്പത്തികബാദ്ധ്യതയില്ലാതെ വിറ്റഴിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.
5. തൊണ്ടും, ചകിരിയും നിയന്ത്രിതവിലക്കു ലഭ്യമാക്കുക.

## സാദ്ധ്യതകൾ

1. കയറും, കയറുല്പന്നങ്ങളും ഉപയോഗിച്ചുള്ള ഒരു ഫാക്ടറി സ്ഥാപിക്കുക.
2. കയറിനും, കയർ ഉല്പന്നങ്ങൾക്കും ഉള്ള വിദേശ വിപണി കണ്ടെത്തുക.
3. വീട്ടാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന നാളീകേരത്തിന്റെ തൊണ്ട് വ്യാപകമായി ശേഖരിച്ച് വ്യവസായത്തിന് ഉപയോഗിക്കാനുള്ള വിപുലമായ സംവിധാനം ഏർപ്പെടുത്തുക.

## കൈത്തറി

ഈ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ നെയ്ത്തുവ്യവസായത്തിന് നൂറിൽപരം വർഷത്തെ പഴക്കമുണ്ട്. ആരംഭകാലത്ത് കുഴിത്തറികളാണ് പ്രവർത്തിച്ചിരുന്നത്. ഇവയിൽ കൂടിയതരം നേരിയത്, ഡബിൾ-വേഷ്ടികൾ മുതലായവ ഉല്പാദിപ്പിച്ചിരുന്നു. 1946 മുതലാണ് ഈ പ്രദേശത്ത് ഇന്നു നിലവിലുള്ള ഷട്ടിൽ തറികളുടെ പ്രവർത്തനം ആരംഭിക്കുന്നത്.

ചിറയിൻകീഴ് പ്രദേശത്ത് നെയ്ത്തുവ്യവസായത്തിന്റെ പുഷ്കരകാലമെന്ന് വിശേഷിപ്പിക്കാവുന്നത് 1960-1980 കാലഘട്ടമാണ്. ഈ ഗ്രാമത്തിലെ നാല്, എട്ട് എന്നീ വാർഡുകളിൽ പൂർണ്ണമായും മൂന്ന്, അഞ്ച്, ഏഴ്, ഒൻപത് എന്നീ വാർഡുകളിലെ ചിലഭാഗത്തും അക്കാലത്ത് കൈത്തറി ഒരു കുടിൽവ്യവസായമായി നടന്നിരുന്നു. അന്നീ ഗ്രാമത്തിനകത്ത് ആയിരത്തിനകത്ത് 'തറികൾ' പ്രവർത്തിച്ചിരുന്നു.

ഈ മേഖലയിൽ മുൻകാലംമുതൽതന്നെ വളരെ കുറഞ്ഞ കൂലിവ്യവസ്ഥയാണ് നിലനിന്നിരുന്നത്. അതിന് ഒരു മാറ്റംവന്നത് 1961-ൽ ഈ മേഖലയിൽ ഒരു തൊഴിലാളിയൂണിയൻ നിലവിൽവന്ന് പ്രവർത്തനം ആരംഭിച്ചതോടുകൂടിയാണ്.

1980 നു ശേഷം ഈ വ്യവസായത്തിൽ പണിചെയ്തിരുന്ന തൊഴിലാളികൾ തൊഴിലിൽനിന്നും ഒഴിഞ്ഞുപോകുന്നസ്ഥിതി ഉണ്ടാകുകയും, തുടർന്ന് സ്വകാര്യമേഖലയിൽ ഇതിന്റെ പ്രവർത്തനം പൂർണ്ണമായും നിലയ്ക്കുകയും ചെയ്തു. ഇപ്പോൾ ഈ പഞ്ചായത്തിൽ സഹകരണമേഖലയിൽ മാത്രമാണ് നെയ്ത്തുപ്രവർത്തനം നടന്നുവരുന്നത്. ചിറയിൻകീഴ് 3404-ാം നമ്പർ കൈത്തറി നെയ്ത്തുവ്യവസായ സഹകരണസംഘമാണ് പ്രവർത്തനത്തിലുള്ളത്. അതും ഏകദേശം അഞ്ഞൂറോളം തറി പ്രവർത്തിച്ചിരുന്നിടത്ത് നിലവിൽ മുന്നൂറിനകത്തു തറികളാണ് പ്രവർത്തിച്ചുവരുന്നത്. അതിന്റെ പ്രവർത്തനവും സ്ഥിരമായി മുന്നോട്ടു കൊണ്ടുപോകുന്നതിനും ബുദ്ധിമുട്ടുകയാണ്.

## പ്രശ്നങ്ങൾ

1. ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ പഴയരീതിയിലുള്ളതാണ്.
2. അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനവ്
3. ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള കമ്പോള അഭാവം
4. ആധുനികരീതിയിലുള്ള മിൽ തുണികളുമായി വിപണിയിൽ മത്സരിച്ചുനിൽക്കാനുള്ള ശേഷിയില്ലായ്മ.
5. ഉയർന്ന ഉല്പാദനചെലവും കുറഞ്ഞ കൂലിനിരക്കും
6. തൊഴിലാളികളുടെ അഭാവം.
7. സർക്കാരിൽനിന്നും അപ്പക്സ് ബോഡിയിൽനിന്നും കിട്ടാനുള്ള സാമ്പത്തികം യഥാകാലം കിട്ടാതിരിക്കൽ

## പരിഹാരങ്ങൾ

1. ഉല്പന്നങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് തൊഴിലാളികൾക്ക് പരിശീലനംകൊടുക്കുക.
2. നെയ്ത്തുവ്യവസായത്തിന് ആവശ്യമായ നൂലും, ചായംപിടിപ്പിക്കുന്നതിന് ആവശ്യമായ ചായവും, കെമിക്കൽസും ന്യായമായവിലയ്ക്ക് ലഭ്യമാക്കുക.
3. റിബേറ്റുകൊടുക്കുന്ന തുക അതാതു കാലങ്ങളിൽ ത്തന്നെ സംഘത്തിനു ലഭ്യമാക്കുന്നതിനുള്ള സർക്കാർ സംവിധാനം ഊർജ്ജിതപ്പെടുത്തുക.
4. ഹാന്റക്സിനു കൊടുക്കുന്ന തുണിത്തരങ്ങളുടെ വില ഉടൻ ലഭ്യമാക്കുക.
5. തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലിയും, സേവനവ്യവസ്ഥയും ഉറപ്പുവരുത്തുക.

## സാദ്ധ്യതകൾ

1. നെയ്ത്തു വ്യവസായത്തിന് ആധുനികരീതികളെക്കുറി

ച്ച് തൊഴിലാളികളെ പഠിപ്പിക്കുന്നതിനുള്ള ഒരു പരിശീലനകേന്ദ്രം സ്ഥാപിക്കുക.

2. താലൂക്ക് അടിസ്ഥാനത്തിൽ സംഘങ്ങൾക്ക് നിയന്ത്രിതവിലയ്ക്ക് നൂൽ വിതരണംചെയ്യുന്നതിനുള്ള ഒരു നൂൽ ബാങ്ക് സ്ഥാപിക്കുക.
3. ആധുനിക സംവിധാനങ്ങളോടുകൂടിയ ഒരു തുണിമിൽ സ്ഥാപിക്കുക.

## കൊപ്ര

പുരാതനകാലംമുതൽ ഈ ഗ്രാമപ്രദേശത്ത് കൊപ്ര വ്യവസായം നിലനിന്നിരുന്നു. ഇന്നു സഹകരണമേഖലയിൽ 1155-ാം നമ്പർ സർവ്വീസ് സഹകരണബാങ്കിന്റെ കീഴിൽ ഒരു കൊപ്രസംഭരണയൂണിറ്റ് പ്രവർത്തിച്ചുവരുന്നു. കൂടാതെ ചെറുകിട കൊപ്രാവ്യവസായികളും ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്നു. ഈ വ്യവസായത്തിൽ ഏകദേശം മുന്നൂറിൽപ്പരംപേരാണ് പണി എടുത്തുവരുന്നത്. ബഹുഭൂരിപക്ഷവും പുരുഷ തൊഴിലാളികളാണ്.

കയർമേഖലയിലേയും, നെയ്ത്തുമേഖലയേയും അപേക്ഷിച്ച് താരതമ്യേന ഈ മേഖലയിലെ തൊഴിലാളികളുടെ കൂലിനിരക്ക് ഭേദപ്പെട്ടതാണ്. അദ്ധ്വാനഭാരവുമായി ബന്ധപ്പെട്ടാണ് അവരുടെ കൂലിവ്യവസ്ഥ. ഈ വ്യവസായം പുഷ്ടിപ്പെടുത്തുന്നതും, നിലനിൽക്കേണ്ടതും ഈ പ്രദേശത്തെ ചെറുകിടകർഷകർക്ക് അത്യന്താപേക്ഷിതമാണ്.

ഈ വ്യവസായം ഇന്ന് നിയന്ത്രിക്കുന്നത് ദേശീയവ്യവസായികളാണ് നാളീകേരത്തിന്റെ വിലയിടിവ് കേരളത്തിന്റെ സമ്പദ്ഘടനയേയും, ഈ ഗ്രാമത്തിന്റെ സമ്പദ്ഘടനയേയും സാരമായി ബാധിക്കുന്നതാണ്.

### പ്രത്യേകതകൾ

1. വിദേശത്തുനിന്നുള്ള കൊപ്രയുടേയും, വെളിച്ചെണ്ണയുടേയും ഇറക്കുമതിമൂലമുണ്ടാകുന്ന വിലയിടിവ്
2. തെങ്ങുകൾക്ക് ഉണ്ടാകുന്ന രോഗംമൂലം നാളീകേര ഉല്പാദനത്തിൽവന്നിട്ടുള്ള ഗണ്യമായ കുറവ്
3. അന്തർദേശീയ വ്യവസായികൾ വെളിച്ചെണ്ണക്ക് എതിരെനടത്തുന്ന ദുഷ്പ്രചാരണം.

### പരിഹാരങ്ങൾ

1. വിദേശത്തുനിന്നുള്ള കൊപ്രയുടെ ഇറക്കുമതി നിയന്ത്രിക്കുക.
2. രോഗം ബാധിച്ച തെങ്ങുകൾ ശുശ്രൂഷിച്ചു ഭേദമാക്കുക.
3. സംരക്ഷിക്കാൻ കഴിയാത്ത തെങ്ങുകൾ മുറിച്ചുമാറ്റി പകരം തെങ്ങു വച്ചുപിടിപ്പിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുക.
4. വെളിച്ചെണ്ണക്കെതിരെയുള്ള അന്തർദേശീയ ദുഷ്പ്രചാരണത്തിനെതിരെയുള്ള ബോധവൽക്കരണപരിപാടി ആസൂത്രണംചെയ്യുക.

### സാദ്ധ്യതകൾ

1. പഞ്ചായത്തിലെ മുഴുവൻ നാളീകേരങ്ങളും ശേഖരിച്ച് എക്സ്പെല്ലർ യൂണിറ്റ് ഉപയോഗിച്ച് ആട്ടി എണ്ണയാക്കി, എണ്ണയായും, എണ്ണ ഉപയോഗിച്ച് അനുബന്ധ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന ഒരു വ്യവസായസ്ഥാപനം തുടങ്ങുക.
2. തേങ്ങാപ്പിണ്ണാക്കും, മറ്റു ആവശ്യമായിവരുന്ന സാധനങ്ങളും ഉപയോഗിച്ച് കാലിത്തീറ്റ ഉല്പാദിപ്പിക്കുന്ന ഒരു വ്യവസായകേന്ദ്രം സ്ഥാപിക്കുക.
3. ചിരട്ട ഉപയോഗിച്ചുള്ള കരകൗശലവസ്തുക്കളുടെ ഒരു ചെറുകിട വ്യവസായയൂണിറ്റ് ആരംഭിക്കുക.
4. ചിരട്ട സംസ്കരിച്ച് ഉല്പന്നങ്ങൾ ഉല്പാദനംനടത്തുന്ന വ്യവസായസംരംഭം തുടങ്ങാം.
5. തെങ്ങിന്റെ പാഴായിപ്പോകുന്ന ചേറുപയോഗപ്പെടുത്താവുന്ന ഒരു വ്യവസായയൂണിറ്റ് ആരംഭിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കാം.

## പ്രിന്റിംഗ് വ്യവസായം

സഹകരണമേഖലയിൽ രണ്ട് പ്രിന്റിംഗ് സൊസൈറ്റികളും, സ്വകാര്യമേഖലയിൽ ആറ് പ്രിന്റിംഗ് പ്രസ്സുകളും നിലവിലുണ്ട്. ഇവയിൽ നാല്പതോളം തൊഴിലാളികൾ പണിയെടുത്തുവരുന്നു.

സാദ്ധ്യത: സഹകരണമേഖലയിലുള്ള പ്രിന്റിംഗ് സ്ഥാപനം ആധുനികവത്കരിക്കണം.

## ചൂരൽവ്യവസായം

ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ പത്താംവാർഡിൽ ഒരു ചൂരൽവ്യവസായ കേന്ദ്രമുണ്ട്. ഇത് സ്വകാര്യമേഖലയിലാണ്. നൂറോളം തൊഴിലാളികൾ ഈ മേഖലയിലെ പണിയുമായി ബന്ധപ്പെട്ടുനിൽക്കുന്നു. ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണി സുലഭമല്ല. വ്യവസായം നിലനിറുത്തുന്നതിനാവശ്യമായ ചൂരൽ-മറ്റ് അസംസ്കൃതവസ്തുക്കളുടെ അഭാവം ഈ മേഖലയിൽ പണിചെയ്തുവരുന്ന തൊ

ഴിലാളികളുടെ തൊഴിലില്ലായ്മയ്ക്ക് കാരണമായിട്ടുണ്ട്.

## പരിഹാരങ്ങൾ

1. ചൂരൽവ്യവസായത്തിലേർപ്പെട്ടിരിക്കുന്ന മുഴുവൻ തൊഴിലാളികളേയും സഹകരണമേഖലയിലേക്കു കൊണ്ടുവരിക.
2. പത്താം വാർഡ് കേന്ദ്രീകരിച്ച് ഒരു ചൂരൽവ്യവസായ സഹകരണസംഘം രജിസ്റ്റർചെയ്തു പ്രവർത്തനം ആരംഭിക്കുക.
3. ചൂരൽ തുടങ്ങിയ അസംസ്കൃതവസ്തുക്കൾ നിയന്ത്രിതവിലയ്ക്കു ലഭ്യമാക്കുക.
4. ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിന് വിപണി ഉണ്ടാക്കുക.

## തടിവ്യവസായം

ഇവിടെ തടി ഉരുപ്പടികൾ വിൽക്കുന്ന നാല് സ്വകാര്യ തടിഡിപ്പോകൾ നിലനിൽക്കുന്നു. ഇവ നാലിലുംകൂടി ഇരുപത്തഞ്ചോളം തൊഴിലാളികൾ പണിയെടുത്തുവരുന്നു.

പട്ടികജാതി വനിതകളുടെ ഒരു ഹാന്റിക്രാഫ്റ്റ് സൊസൈറ്റി (T405) ഈ പഞ്ചായത്തിലെ അഞ്ചാംവാർഡിൽ പ്രവർത്തിച്ചുവരുന്നു. ഈ സൊസൈറ്റിയിൽ ഇരുപതുപേർ പണിചെയ്തുവരുന്നു.

ചിറയിൻകീഴ് പഞ്ചായത്തിൽ കൃഷിമേഖലയിലൊഴികെയുള്ള, തൊഴിൽചെയ്യുന്നവരുടെ പട്ടിക 4(2)-ൽ ചേർക്കുന്നു.

**പട്ടിക 4 (2)**

| ക്രമ നമ്പർ | മേഖലകൾ | എണ്ണം |
|---|---|---|
| 1. | കയർ | 2000 |
| 2. | കൈത്തറി | 300 |
| 3. | കൊപ്ര | 300 |
| 4. | പ്രിന്റിംഗ് | 40 |
| 5. | ക്ഷീരം | 41 |
| 6. | ചൂരൽ | 100 |
| 7. | തടിവ്യാപാരം | 25 |
| 8. | കരകൗശലം | 20 |
| 9. | കാർഷിക മേഖല ഒഴികെ ഇതര മേഖലയിൽ പണിചെയ്യുന്നവർ | 5320 |
| | ആകെ | 8146 |

# കുടിവെള്ളവും പൊതുജനാരോഗ്യവും



**കു**ടിവെള്ളവും, മനുഷ്യന്റെ ആരോഗ്യവും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. ജീവന്റെ നിലനില്പുതന്നെ ശുദ്ധവായു കഴിഞ്ഞാൽ ശുദ്ധജലത്തിനാണ്. കടലിന്റേയും, കായലിന്റേയും, ചെറുതോടുകളുടേയും, കുന്നിൻ പ്രദേശങ്ങളുടേയും മദ്ധ്യഭാഗത്ത് വസിക്കുന്ന ചിറയിൻകീഴ് പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യം നമുക്ക് ലഭിക്കുന്ന ശുദ്ധജലത്തെ ആശ്രയിച്ചാണ്. പൊതുജനാരോഗ്യം എന്നത് ആ സമൂഹത്തിന്റെ വികസനത്തിന്റെ ഒരു പ്രധാന കണ്ണിയാണ്.

## കുടിവെള്ളം

1992-ൽ കമ്മീഷൻചെയ്ത വക്കം-അഞ്ചുതെങ്ങ് ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെട്ട ചിറയിൻകീഴ് പഞ്ചായത്തിൽ ഇതുവരെ 66000 മീറ്റർ പൈപ്പ്ലൈൻ നിലവിലുണ്ട്. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും പൈപ്പ്ലൈൻ എത്തിയിട്ടുണ്ടെങ്കിലും ഇനിയും കുടിവെള്ളം എത്തിയിട്ടില്ലാത്ത ധാരാളം പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്. 12 വാർഡുകളിലായി 382 പൊതു ടാപ്പുകൾ നിലവിലുണ്ട്.

പഞ്ചായത്തിലെ 1, 2, 4, 5, 8,9 എന്നീ വാർഡുകളിലെ ഒരു വിഭാഗം ജനങ്ങൾ കിണറിനേയും ബാക്കി ജനങ്ങൾ പൈപ്പുവെള്ളത്തേയും മാത്രവുമാണ് ആശ്രയിക്കുന്നത്. വേനൽക്കാലത്ത് തീരപ്രദേശവാർഡുകളിലെ കിണറുകൾ ഉപ്പുവെള്ളംകാരണവും മറ്റുപ്രദേശങ്ങളിലെ കിണറുകൾ ഓരുവെള്ളം കാരണവും ഉപയോഗശൂന്യമാകുന്നു.

പഞ്ചായത്തിലെ പൊതു ടാപ്പുകളുടേയും, കിണറുകളുടേയും വിവരം പട്ടിക 6 (1) നോക്കുക.

ചിറയിൻകീഴ് പഞ്ചായത്ത് അധീനതയിൽ കോളിച്ചിറയിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ ടാങ്കിൽനിന്നും VIII, IX വാർഡുകളിൽ ഒരു വിഭാഗം ജനങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്നുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തിയാൽ ഈ പ്രദേശത്തെ ജനങ്ങൾക്ക് വേനൽക്കാലങ്ങളിലും ശുദ്ധജലം ലഭ്യമാക്കാം.

## പ്രശ്നങ്ങൾ

1. വാമനപുരം ആറ്റിലെ അനധികൃത മണലൂറ്റ് കാരണം പദ്ധതിപ്രദേശത്തെ ജലനിരപ്പ് താഴുകയും കടൽജലം വേനൽക്കാലങ്ങളിൽ ഇവിടേക്ക് കയറുകയും ചെയ്യുന്നു. പദ്ധതിപ്രദേശത്തെ ജലത്തിൽ ഉപ്പിന്റെ അംശം ഉണ്ടെങ്കിൽ മാത്രം താൽക്കാലിക ബണ്ടിന് അനുമതി നൽകുന്ന വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥരുടെ അശാസ്ത്രീയമായ നടപടിമൂലം വർഷങ്ങളായി വേനൽക്കാലങ്ങളിൽ ഈ പഞ്ചായത്തിലെ മാത്രമല്ല ഈ പദ്ധതിയെ ആശ്രയിക്കുന്ന മുഴുവൻ പഞ്ചായത്തിലേയും ജനങ്ങൾ മാസങ്ങളോളം ഉപ്പുവെള്ളം കുടിക്കേണ്ട ഗതികേടിലാണ്.
2. വെള്ളത്തിലെ ഉപ്പിന്റെ കാഠിന്യംമൂലം കോടികൾ മു

**പട്ടിക 6 (1)**

| വാർഡ് | I | II | III | IV | V | VI | VII | VIII | IX | X | XI | XII | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| പൊതു ടാപ്പ് | 27 | 38 | 49 | 47 | 29 | 47 | 23 | 23 | 25 | 40 | 19 | 15 | 382 |
| പൊതു കിണർ | 3 | 2 | 1 | 1 | 1 | 3 | 3 | 1 | 2 | 1 | 0 | 2 | 19 |

## കുടിവെള്ളപ്രശ്നപ്രദേശങ്ങളും പരിഹാരനിർദ്ദേശങ്ങളും

| വാർഡ് | പ്രശ്നമേഖല | പരിഹാരനിർദ്ദേശങ്ങൾ |
|---|---|---|
| 1 | (1) വെള്ളിപ്പാട്ട്, മണ്ണാക്കുടി പഴഞ്ചിറ തോടുവരെ ടാപ്പുകൾ ഇല്ല.<br>(2) ഉയർന്ന പ്രദേശങ്ങളിൽ പൈപ്പ്ലൈൻ എത്തിയിട്ടില്ല. | (1) ടാപ്പുകൾ ഇടണം<br>(2) ഉയർന്ന പ്രദേശങ്ങളിൽ കിണറുകൾ കുഴിക്കണം |
| II | (1) പുതിയാർമൂല ലക്ഷംവീട് പള്ളിക്കാട് കോളനിയിൽ സ്ഥിരമായി വെള്ളം കിട്ടാനില്ല കയ്പ്പള്ളി ഏരിയായിൽ ഉള്ള പൈപ്പ് പൂട്ടിയിരിക്കുന്നു. | (1) ഈ സ്ഥലങ്ങളിൽ ടാപ്പുകൾ സ്ഥാപിക്കുകയും പൂട്ടിയവ പുനഃസ്ഥാപിക്കുകയും ചെയ്യുക. |
| III | (1) ശുദ്ധജലത്തിന് ഏറ്റവും കൂടുതൽ ക്ഷാമം അനുഭവിക്കുന്നു. | (1) ആറ്റിങ്ങൽ മെയിൻ ടാങ്കിൽനിന്ന് ഈ വാർഡിലേക്ക് ശുദ്ധജലം എത്തിക്കാൻ ഒരു മിനി ടാങ്ക് സ്ഥാപിക്കുക.<br>(2) പൂട്ടിയ ടാപ്പുകളുടെ പുനർനിർമ്മാണം.<br>(3) മുപ്പറയിൽഭാഗത്ത് ഒരു ടാപ്പ് സ്ഥാപിക്കണം. |
| IV | (1) പുളിയാണിക്കൽ ലക്ഷംവീട്, പുത്തൻകോട്ട, കുളങ്ങരവഴി ഇവിടങ്ങളിൽ പൈപ്പ് ലൈൻ ഇല്ല. | (1) ഈ ഭാഗങ്ങളിൽ അടിയന്തിരമായി പൈപ്പുകൾ സ്ഥാപിക്കുക. |
| V | (1) ഈ പഞ്ചായത്തിലെ ശുദ്ധജലക്ഷാമം അനുഭവപ്പെടാത്ത സ്ഥലമാണ് ഈ വാർഡ്. | |
| VI | (1) താഴംപള്ളിമുതൽ തുരുത്തിവരെയുള്ള 660m ജലവിതരണമില്ല. | ഇവിടത്തെ HDP പൈപ്പ് മാറ്റി ജലവിതരണ യോഗ്യമായ പുതിയ പൈപ്പ് സ്ഥാപിക്കുക. |
| VII | (1) ഈ പഞ്ചായത്തിലെ ഏറ്റവും കൂടുതൽ കുടിവെള്ളത്തിന് ക്ഷാമം അനുഭവിക്കുന്ന വാർഡിലൊന്നാണ് ഈ വാർഡ്.<br>(2) ഈ വാർഡിൽ വെള്ളത്തിനടിയിൽക്കൂടിയാണ് മൂന്നുസ്ഥലങ്ങളിൽ പൈപ്പ്ലൈൻ പോയിട്ടുള്ളത്. | (1) ഈ വാർഡിൽ എത്രയും പെട്ടെന്ന് പൈപ്പുലൈനുകൾ ഇല്ലാത്ത സ്ഥലത്ത് പുതിയ പൈപ്പുലൈൻ സ്ഥാപിച്ച് ടാപ്പുകൾ ഇടണം.<br>(2) വ്യാസംകൂടിയ പൈപ്പ് സ്ഥാപിക്കണം. |

| | | |
|---|---|---|
| VII | പൈപ്പുലൈനുകൾ പോയിട്ടില്ലാത്ത സ്ഥലങ്ങൾ:<br>1. കരോട്ട് ഇടവഴി<br>2. ചാണക്കാരൻ തിട്ട<br>3. കൂട്ടുംപാതുക്കൽ കൂട്ടിൽ ഇടവഴി<br>4. വാഴവയലിൽനിന്ന് കിഴക്കേതിട്ടയിലേക്ക് പോകുന്ന വഴി. | (1) ഈ സ്ഥലങ്ങളിൽ പുതിയ ലൈനുകൾ സ്ഥാപിച്ച് ടാപ്പുകൾ നിർമ്മിക്കുക. |
| VIII | മഞ്ചാടിമൂട്, മണ്ണാക്കുടി, തിരുവാംകോടി, കോട്ടപ്പുറം, തലാപ്പിൽ തുടങ്ങിയ ചില ഭാഗങ്ങളിൽ ലൈനുകൾ എത്തിയിട്ടില്ല. | (1) ഇവിടങ്ങളിൽ പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുക. ടാപ്പുകൾ ഉള്ളിടത്ത് ശുദ്ധജലം കിട്ടുന്നതിന് നടപടി സ്വീകരിക്കുക. |
| IX | കുന്നിൽ റോഡ്, ആറടി പാത, കാവിന്റെമൂല, ചന്ദ്രത്തിൽവാട ഈ ഭാഗങ്ങളിൽ പൈപ്പ് ലൈൻ ഇട്ടിട്ടില്ല. | (1) ഈ സ്ഥലങ്ങളിൽ പുതിയ പൈപ്പുലൈനുകൾ സ്ഥാപിച്ച് പുതിയ ടാപ്പുകൾ സ്ഥാപിക്കുക. |
| X | ഈ വാർഡിന്റെ എല്ലാഭാഗത്തും കുടിവെള്ളക്ഷാമം ഉണ്ട്. | (2) ഈ വാർഡിലും ടാപ്പുകൾ ഇല്ലാത്ത ഭാഗങ്ങളിൽ പുതിയ ടാപ്പുകൾ സ്ഥാപിക്കുക. |
| XI | ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന തീരദേശവാർഡാണ്. | (1) പൈപ്പ്ലൈൻ ഇല്ലാത്ത സ്ഥലത്ത് പുതിയ ലൈൻ സ്ഥാപിച്ച് ശുദ്ധജലവിതരണം കാര്യക്ഷമമാക്കുക. |
| XII | തീരദേശവാർഡായ ഈ പ്രദേശത്ത് ഉപ്പുവെള്ളമാണ്. | (1) ജലവിതരണം കാര്യക്ഷമമാക്കുക. |

ടക്കി പണികഴിപ്പിച്ച ഈ പദ്ധതിയിലെ ലക്ഷങ്ങൾ വിലപിടിപ്പുള്ള യന്ത്രസാമഗ്രികൾമുതൽ പൈപ്പുലൈനുകൾവരെ കേടാവുന്ന സ്ഥിതിവിശേഷമാണ് ഇന്നുള്ളത്.

3. ലക്ഷങ്ങൾ മുടക്കി വാമനപുരം ആറിനു കുറുകെ കെട്ടുന്ന ബണ്ട് ഒരു വേനൽമഴ പെയ്തുകഴിഞ്ഞാൽ വീണ്ടും ബണ്ട് ഇടേണ്ട ഗതികേട് ഉണ്ടാകുന്നതും ഇവിടെ പതിവാണ്.
4. പവ്വർകട്ടും, ലോഡ്ഷെഡിംഗും കാരണം വൈദ്യുതി തടസ്സമുണ്ടാകുന്നതും, വൈകുന്നേരങ്ങളിലുള്ള വോൾട്ടേജ് ക്ഷാമവും മണിക്കൂറുകളോളം പമ്പിംഗ് നിർത്തിവയ്ക്കേണ്ടിവരുന്നു. ഇതു കാരണം ദിവസങ്ങളോളം വെള്ളം കിട്ടാതെവരുകയും ചെയ്യുന്നു.
5. ഫിൽറ്ററിംഗ് സംവിധാനത്തിൽ ഉള്ള അപാകതമൂലം കലക്കവെള്ളം വരുന്നത് പതിവാണ്. പൈപ്പിലൂടെ വരുന്നത് ശുദ്ധജലമാണോ എന്നുള്ളതും സംശയമാണ്.
6. പൈപ്പുലൈനുകളുടെ സമ്മർദ്ദം കുറയ്ക്കുന്നതിനുവേണ്ടി പ്രഷർ ഗേജുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ജീവനക്കാരുടെ അനാസ്ഥമൂലം പൈപ്പുലൈനുകൾ പൊട്ടി വെള്ളം റോഡിലൂടെ ഒഴുകി ഗതാഗത തടസ്സമുണ്ടാകുന്നതും ഇത് ദിവസങ്ങളോളം നീണ്ടുനിൽക്കുന്നതും സർവ്വസാധാരണമാണമായ കാഴ്ചയാണ്. പഞ്ചായത്തുപ്രദേശത്തെ ചില സ്ഥലങ്ങളിൽ പൈപ്പുകളുടെ കാലപ്പഴക്കം കാരണവും ഇങ്ങനെ സംഭവിക്കാറുണ്ട്. കുന്നിൻപ്രദേശങ്ങളിൽ പ്രഷർ കുറഞ്ഞുകഴിഞ്ഞാൽ ശുദ്ധജലം എത്താതിരിക്കുക പതിവാണ്.


ചിറയിൻകീഴ്
CHIRAYINKIL

